

അടനം
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി-പാലക്കാട്, പിൻ - 678683

അടസ്സ

# കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ




# ആത്മ വിദ്യാലയമേ........

# പ്രണാമം......!

# സ്നേഹത്തിലൂന്നിയ സേവനം ഞങ്ങളുടെ മുഖമുദ്ര.....

# വിശുദ്ധ കൊച്ചു ത്രേസ്യ



## ഞങ്ങളുടെ വിദ്യാലയത്തിലേക്ക് അനുഗ്രഹത്തിന്റെ സ്വർഗീയ സുമങ്ങൾ വർഷിക്കുന്ന സ്നേഹ സൂനം........



# പ്രധാനാധ്യാപികയ്ക്കും കൈറ്റ് മിസ്ട്രസുമാർക്കുമൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# വഴിവിളക്കുകൾ



ശ്രീമതി ഷീജ റോബർട്ട്
എച്ച് എസ് ടി ഇംഗ്ലീഷ്
(കൈറ്റ് മിസ്ട്രസ്സ്)
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി

സി ആർഷ
എച്ച് എസ് ടി മലയാളം
(കൈറ്റ് മിസ്ട്രസ്സ്)
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി



# സ്കൂൾ ഹെഡ്മിസ്ട്രസ്സിനും, കൈറ്റ് മിസ്ട്രസ്സുമാർക്കുമൊപ്പം ഇ-മാഗസിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

# നിറഞ്ഞ മനസ്സോടെ..........
# യാത്രാമൊഴി........



## ശ്രീമതി ബീന ജോൺ

(ഹയർസെക്കന്ററി വിഭാഗം രസതന്ത്രം അധ്യാപിക)

# മുഖമൊഴി

'അടനം' തുടരുകയാണ്... കാഴ്ചകൾ അനുഭവങ്ങളാക്കി......സന്തോഷം തേടി വിദൂരങ്ങളിലേക്ക്... 'അടനം' എന്നാൽ യാത്ര എന്നാണർത്ഥം. അന്തരീക്ഷ വായുവിന്റെ പാളികൾക്കിടയിലൂടെ ഊളിയിട്ട നീങ്ങുക എന്നത് സുഖമുള്ളൊരു സ്വപ്നമാണ്. ആർത്തലച്ചുപെയ്ത പേമാരിക്കൊടുവിൽ,മാനം തെളിഞ്ഞു,നഗരം നിശ്ചലമായി. ദിശ എങ്ങോട്ടെന്നറിയാതെ അപ്പൂപ്പൻ താടിയെപോലെ ഭാരമില്ലാതെ ചിലയാത്രകൾ...

ദൂരങ്ങൾ താണ്ടാൻ നിശ്ചയമായും ഒരു വഴി വേണം.. 'അടന' ത്തെ പ്രണയിച്ചവർക്കുമാത്രമെ അറിയൂ അതിന്റെ ലഹരി... ഒരിക്കലും യാത്ര മുടങ്ങരുത്... യാത്ര മുടങ്ങി പോയാൽ ജീവിതവും മടുത്തുപോകും. ജീവിതം മടുക്കാതിരിക്കാനാണ് ഈ യാത്രകളൊക്കെയും...

യാത്രകൾ പലർക്കും പലതാണ്.....ചിലർക്ക് അതൊരു തേടലാണ്, മറ്റുചിലർക്കാകട്ടെ പുതിയ ചില കണ്ടെത്തലുകളും...മനുഷ്യൻ നിരന്തരം യാത്രയിലാണ്... യാത്രയിൽ കണ്ണുടക്കുന്ന കാഴ്ചകൾ അതിലേറെയാണ്... കണ്ടു കടന്നുപോകുന്ന ഓരോ കാഴ്ച്ചയും ഉൾക്കാഴ്ചകളായി മാറണം. 'അടനം'എന്ന ഇ–മാഗസിൻ നിങ്ങളുടെ സഞ്ചാര പഥങ്ങളിൽ പുതുചലനങ്ങൾ സൃഷ്ടിക്കട്ടെ! ഉള്ളകങ്ങളിൽ മറഞ്ഞിരിക്കുന്ന രസക്കാഴ്ച്ചകൾ നിങ്ങളിൽ ഉൾക്കാഴ്ച്ചയു ടെ വിസ്മയലോകം തീർക്കട്ടെ....!

# ആശംസകളോടെ.....



ലിറ്റിൽ കൈറ്റ്സ് ഈ വിദ്യാലയത്തിൽ പ്രവർത്തനമാരംഭിച്ചിട്ട് 7വർഷം പിന്നിടുമ്പോൾ വിദ്യാലയത്തിനകത്തും പുറത്തും ഇവർ തീർത്ത പുതുചലനങ്ങൾ നിസ്തുലമാണ്.വിദ്യാലയത്തിന്റെ അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളെ പുറം ലോകത്തെത്തിച്ചും ഐ ടി ഉപകരണങ്ങളുടെ അനന്ത സാധ്യതകൾ മികവാർന്ന രീതിയിൽ ഉപയോഗിച്ചുകൊണ്ടും മുന്നേറുന്നതിൽ അതീവ സന്തോഷമുണ്ട്.... വിദ്യാലയ വാർത്തകൾ വിക്ടേഴ്സ് ചാനലിലും, യൂട്യൂബിലും അപ്‌ലോഡു ചെയ്തു കൊണ്ട് ചെറുപുഷ്പത്തിന്റെ യശസ്സിനെ വാനോളം ഉയർത്തിയ ലിറ്റിൽ കൈറ്റംഗങ്ങൾക്കും, അവർക്കു നേത്രുത്വം നൽകുന്ന കൈറ്റ് മിസ്ട്രസ്സുമാർക്കും അഭിനന്ദനങ്ങൾ... നിങ്ങൾ തയ്യാറാക്കിയ 'അടനം' എന്ന ഇ-മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഈ ഉദ്യമം സഫലമാക്കാൻ നിങ്ങൾ നടത്തിയ എല്ലാ ശ്രമങ്ങളും ഫലമണിയട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

പ്രിൻസിപ്പാൾ
ഡോ. സി.ആഗ്നൽ ഡേവിഡ്
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി-പാലക്കാട്

# ആശംസകളോടെ....



**ചെ**റുപുഷ്പം ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിന്റെ ചരിത്രത്തിൽ വിസ്മയാവഹമായ ചുവട് വയ്പായിരുന്നു 2018-ൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് സംഘടനയുടെ ജനനം.വിവരസാങ്കേതിക വിദ്യയുടെ ചുവട് പിടിച്ച് കഴിഞ്ഞ 7 വർഷമായി ലിറ്റിൽ കൈറ്റ്സ് ശ്ലാഘനീയമായവിധം ഈ വിദ്യാലയത്തിൽ തങ്ങളുടെ പ്രവർത്തനങ്ങൾ കാഴ്ച്ച വയ്ക്കുന്നു. വിദ്യാലയത്തിനകത്തും പുറത്തും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കാളികളാവുക മാത്രമല്ല വാർത്തകളെല്ലാം തൽസമയം സംപ്രേക്ഷണം ചെയ്ത് പുറം ലോകത്തെത്തിക്കാനും മുന്നിട്ടിറങ്ങുന്ന ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റംഗങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. നിങ്ങളുടെ നാലാമത്തെ ഇ-മാഗസിൻ 'അടന'ത്തിന് എല്ലാവിധ വിജയാശംസകളും നേരുന്നു.....

ഹെഡ്മിസ്ട്രസ്
സി. ശോഭ റോസ്
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി-പാലക്കാട്

# ജ്യോതിർഗോളമായ് ജ്വലിച്ചുനിൽക്കുന്ന ഗുരുചരണങ്ങളിൽ പ്രണാമം......!!



അടരം

# അകം കാഴ്ചകൾ


അച്ഛൻ എന്ന തണൽ....16
മിഴിനീർപ്രണാമം....17
അത്യാഗ്രഹിയുടെ വിധി....19
അഗ്നിച്ചിറകുകൾ....22
ലിറ്റിൽ കൈറ്റ്സ്....23
അച്ഛാ.....24
പ്രതിവാദങ്ങൾ....25
അധ്യാപകർ....27
അമ്മ....29
ആടുജീവിതം - ആസ്വാദനം....30
പുഞ്ചിരിക്കാം വിജയത്തിനായി....32
അവാർഡ് നേടി ലിറ്റിൽ കൈറ്റ്സ്....33
ഇന്ദുലേഖ വായനാക്കുറിപ്പ്....34
ജീവിത നിമിഷങ്ങൾ....35
ഭയം എന്തുകൊണ്ട്....36
പെരുകുന്ന വൃദ്ധസദനം....39
ചിരി....40
ഗൈഡ്സ്....41
ഉത്സവം....42
തിരിച്ചറിവ്....43
കാഴ്ച്ക്കുമപ്പുറം....44
ചാറ്റൽ മഴ....47
സന്തോഷത്തിന്റെ ഉറവിടം തേടി....48
ജൂനിയർ റെഡ് ക്രോസ്സ്....49
കുസൃതി ചോദ്യങ്ങൾ....50
ഭൂമിദേവിയുടെ സങ്കടങ്ങൾ....51
AI മനുഷ്യരുടെ സർഗാത്മകതയെ ബാധിക്കുമോ?....52
ഇവർ ഞങ്ങളുടെ അഭിമാനം....55
അർത്ഥമില്ലാത്ത കിനാവുകൾ....57
ആസ്വാദനം-പാത്തുമ്മായുടെ ആട്....58
ആകാശവർണ്ണങ്ങൾ....60
കുഞ്ഞനുള്ളിയുടെ തിരിച്ചറിവ്....61
നന്മമരം....63
ഓണം, ഒരനുഭവക്കുറിപ്പ്....64
ജീവിത വിജയം....65
മോഹം....66
ഖസാക്കിന്റെ ഇതിഹാസം-വായനാക്കുറിപ്പ്....67

നമ്മുടെ കേരളം......69
ബാന്റഡ് സെറ്റ്......71
ആഗ്രഹങ്ങൾക്കായ് ഞാൻ......72
ചന്ദ്രയാൻ-3......73
കാലങ്ങൾ പോയ്മറയുമ്പോൾ......74
ഭൂമിയുടെ അവകാശികൾ-വായനാക്കുറിപ്പ്......75
വരകൾ....വർണ്ണങ്ങൾ......77
"ദി ആൽകെമിസ്റ്റ്"-നിരൂപണം......78
കേരളത്തിന്റെ സ്വപ്നം......80
പ്രകൃതി എന്ന അത്ഭുതം......81
അഭിമാനപൂർവ്വം......82
നിറം മങ്ങാത്ത ബൾബുകൾ......84
നാവു കുഴയുന്ന ചില വാക്യങ്ങൾ......85
ചന്ദ്രൻ......86
മുത്തശ്ശി......87
തോരാത്ത മഴ......89
വായനയുടെ പ്രാധാന്യം......90
നിറം ചേർത്ത ഭാവനകൾ......91
നന്മതൻ വെളിച്ചം......92
പുഞ്ചിരി......93
ചങ്ങാതി......94
മായാനക്ഷത്രം......95
പച്ചിലകളുടെ ചുവന്ന രാജ്ഞി......99
വരവർണ്ണങ്ങൾ......100
ഹിമവാന്റെ മുകൾത്തട്ടിൽ - വായനാക്കുറിപ്പ്...... 101
മണ്ണിലാഴ്ന്ന നൊമ്പരപ്പൂക്കൾ......103
ലഹരി......104
കുളം ആരുടേത്, ജലം ആരുടേത്......105
സൗഹൃദം......108
ചില പെൻസിൽ വരകൾ......109
ആസ്വാദനം-വിശപ്പിന്റെ വില......110
വെള്ളാർമലയിൽ ചിതറിയ അക്ഷരനക്ഷത്രം......115
ലഹരി എന്ന മഹാവിപത്ത്......116
ലിറ്റിൽ കൈറ്റ് ജില്ലാ ക്യാമ്പിൽ......119
ശേഖൂട്ടി - ടി. പത്മനാഭൻ......120
കുരുന്നു ഭാവനകൾ......122
ഹൃദയമൊഴി......123

# അച്ഛൻ എന്ന തണൽ

അച്ഛനായിരുന്നെനിക്കെല്ലാം
എന്നാൽ ഇനിയില്ലെന്റെകൂടെ അദ്ദേഹം
ഒന്നോർത്താൽ സങ്കടമെങ്കിൽ
മറ്റൊന്നോർത്താൽ സമാധാനം
എന്തെന്നാൽ ഇനി അറിയണ്ടല്ലോ
എന്റെ അച്ഛന് മറ്റ സങ്കടങ്ങൾ
ഇനി കരയണ്ടല്ലോ അതോർത്ത്
ഇനി ആധി തിന്നണ്ടല്ലോ
അതാലോചിച്ച്...
എന്റെ അച്ഛന്റെ കൈ പിടിച്ച്
നടക്കുന്നാനിമിഷം
വീണ്ടും എൻ മനസ്സിൽ തേടി വരുമ്പോൾ
ആഗ്രഹിച്ച പോകുന്നു ഞാൻ
അതൊന്നുകൂടി സംഭവിച്ചിരുന്നെങ്കിലെന്ന്
തണലായിരുന്നെന്റെയച്ഛൻ പെട്ടെന്ന് പോയപ്പോൾ
അറിയുന്നു ഞങ്ങൾ ആ വെയിലിന്റെ ക്രൂരത
ആഗ്രഹിച്ചു പോകുന്നു അപ്പോൾ ആ തണൽ
ഒന്നുകൂടി കിട്ടിയിരുന്നെങ്കിലെന്ന്
“അച്ഛൻ" എന്ന ആ തണൽ



ഷമീന എസ്
9.ഇ

# മിഴിനീർപ്രണാമം

നയന വർണ മനോഹരിയാം
മാമല നാട് വയനാട്
സഹ്യപർവ്വത താഴ്വരകളിൽ
തിലകമായ വയനാട്
ഇന്നവിടെ വിങ്ങിത്തേങ്ങി
നുറുങ്ങിയ മനസ്സുകൾ
തോരാത്ത ഈ കണ്ണീർ
പ്രളയത്തെ കാണുന്നോർക്കും
ഹൃത്തടത്തിൽ മനസാക്ഷിയുള്ളോർക്കും
ഒരു നിലക്കാത്ത നീറ്റൽ
വാവിട്ട കരയും വയനാടിൻ
കണ്ണീർ നാടിനാകെ കണ്ണീർ
നദിയുടെ പെരും കുത്തൊഴുക്കിൽ
വയനാടൻ ആകാശ ഗംഗ[A)]യിൽ ജലം
കീഴോട്ട് കുത്തിയൊഴുകി
എല്ലാം തകർത്തു തുത്തെറിഞ്ഞു
രാക്ഷസീയ സംഹാര താണ്ഡവമാടി
വൃക്ഷങ്ങൾ വേരോടെ നിലംപൊത്തി വീണു
മലയിടിഞ്ഞു വഴിയടഞ്ഞു
കുത്തിയൊഴുകി ചെളിവെള്ളം
ഉരുൾപൊട്ടി ഭൂമി പിളർന്നു

A) ക്ഷീരപഥം

പാറക്കെട്ടുകളും
വീടുകൾ വിദ്യാലയങ്ങൾ
ആരാധനാലയങ്ങൾ
വകഭേദമില്ലാതെ ക്ലപ്പുകുത്തി
ഒടുവിലായ്...
തകർന്നടിഞ്ഞ മണ്ണിനടിയിൽ
പാറക്കെട്ടുകൾക്കിടയിൽ
കുടുങ്ങി മൂടപ്പെട്ടന്ത്യശ്വാസം
വലിച്ചീധരണി[B)]യിൽ
നിലച്ച നിശ്ചലമായി
തുറന്നിട്ട ഹൃദയകവാടങ്ങളാൽ
വയനാടിനെ നെഞ്ചോട് ചേർക്കാൻ
പ്രതിജ്ഞാബദ്ധരായ് നമ്മൾ
ചേർക്കുന്ന ഹൃദയം
കോർക്കുന്ന കരങ്ങളും....!



സി ആർഷ
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്)
എച്ച് എസ് ടി മലയാളം

B) ഭൂമി

# അത്യാഗ്രഹിയുടെ വിധി

ഒരു കാട്ടിൽ അതിമനോഹരമായൊരു പുഴയുണ്ടായിരുന്നു. അതിൽ കുറച്ച് ചെറിയ മത്സ്യങ്ങൾ താമസിച്ചിരുന്നു. ഒരു ദിവസം പുഴയിലെ ഒരു മീൻകുഞ്ഞ് നീന്തിക്കളിക്കുന്ന സമയത്ത് ഒരു പൂമ്പാറ്റയെ കണ്ടു. പറന്ന് നടക്കുന്ന പൂമ്പാറ്റയെ കണ്ടപ്പോൾ അവനും പറക്കാൻ ഒരു മോഹം. ഉടനെ തന്നെ അവൻ ചെന്ന് അമ്മയോട് കാര്യം പറഞ്ഞു.പറക്കണം എന്ന് കേട്ട തും അമ്മ ചിരിക്കാൻ തുടങ്ങി. അവൻ അത്ഭുതപ്പെട്ടു. അമ്മ പറഞ്ഞു,മീനുകൾക്ക് പറക്കാൻ പറ്റില്ല മോനേ, നീ പോയി കളിക്ക്.ആ മറുപടി അവനെ വല്ലാതെ വിഷമിപ്പിച്ചു. ഓരോ ദിവസം കഴിയുംതോറും പറക്കാനുള്ള അവന്റെ മോഹം കൂടിക്കൂടി വന്നു.ഈ കാര്യം പറഞ്ഞ് അമ്മയെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. സഹികെട്ട് അമ്മ പറഞ്ഞു. എന്നാ നീ ദൈവത്തോട് പ്രാർത്ഥിക്ക്, ദൈവം നിന്റെ ആഗ്രഹം സാധിച്ച തരും. മീൻകുഞ്ഞിന് വളരെയധികം സന്തോഷമായി. അന്ന മുതൽ അവൻ ദൈവത്തോട് പ്രാർത്ഥിക്കാൻ തുടങ്ങി. അങ്ങനെ ഒരു ദിവസം ദൈവം പ്രത്യക്ഷപ്പെട്ടു. അവനോട് ചോദിച്ചു. എന്താണ് കുഞ്ഞേ നിനക്ക് വേണ്ടത് ? അവൻ തന്റെ ആഗ്രഹം പറഞ്ഞു. അതുകേട്ട് ദൈവം ചിരിച്ചുകൊണ്ട് പറഞ്ഞു. നിനക്ക് പറക്കാൻ അത്രയധികം ആഗ്രഹമാണെങ്കിൽ ചിറക ഞാൻ തരാം. പക്ഷെ ഒരു കുഴപ്പമുണ്ട്. പിന്നീട്

നീ എത്ര ആഗ്രഹിച്ചാലും നിന്റെ ഈ പഴയ രൂപം നിനക്ക് തിരിച്ചുകിട്ടില്ല. അതുകേട്ട മീൻകുഞ്ഞ് പറഞ്ഞു. എനിക്ക് എന്റെ ഈ രൂപം വേണ്ട,എനിക്ക് ആകാശത്തിൽകൂടി പറന്ന് നടന്ന് ആ മനോഹരമായ കാഴ്ചകൾ കാണണം. എനിക്ക് പറക്കാൻ കഴിയണം, അതുമാത്രം മതി. ശരി എന്നാൽ നിന്റെ ആഗ്രഹം നടക്കട്ടെ. ദൈവം അപ്രത്യക്ഷനായി.

അടുത്ത ദിവസം ഉണർന്നപ്പോൾ തന്റെ ശരീരത്തിലെ ചിറകുകൾ കണ്ട് സന്തോഷം കൊണ്ട് തുള്ളിച്ചാടി .അവൻ അതിയായ ആഗ്രഹത്തോടെയും ആവേശത്തോടെയും പറന്നു നടക്കാൻ തുടങ്ങി. ആകാശത്തുടെ പറന്നു നടക്കു മ്പോൾ പുഴയിലെ മറ്റു മീൻകുഞ്ഞുങ്ങളെ പുച്ഛത്തോടെ നോക്കി.താൻ അവരെക്കാളും എത്രത്തോളം ഉയരത്തിലാ ണ് എന്ന് അഹങ്കാരത്തോടെ ഓർത്തു.പറന്നു കളിച്ചുകൊ ണ്ടിരിക്കെ പെട്ടന്നുണ്ടായ ശക്തമായ കാറ്റിൽ അവൻ പറന്ന് ഒരു പൂവിൽ ചെന്ന് വീണു.പക്ഷെ അവിടെയുള്ള എല്ലാവരും അവന്റെ രൂപം കണ്ട് അവനെ കളിയാക്കി. കാരണം അവന് വാലുണ്ട് . ഒറ്റപ്പെടൽ സഹിക്കാനാവാ തെ അവൻ തിരിച്ച് പുഴയിൽ ചെന്നു. അവിടെയും അവനെ എല്ലാവരും കളിയാക്കി, ഒറ്റപ്പെടുത്തി. വളരെ വിഷമ ത്തോടെ അവൻ ദൈവത്തെ വീണ്ടും വിളിച്ചു, ദൈവം പ്ര ത്യക്ഷപ്പെട്ടു.അവൻ ദൈവത്തോട് പറഞ്ഞു. ദൈവമേ എ നിക്ക് ഈ രൂപം വേണ്ട, എല്ലാവരും എന്നെ ഒറ്റപ്പെടുത്തു ന്നു ആർക്കും എന്നെ ഇഷ്ടമില്ല. ദൈവം പറഞ്ഞു, ഞാൻ

നിന്നോട് പറഞ്ഞിരുന്നു ഇനി ഒരിക്കലും നിന്റെ രൂപം തിരിച്ച് കിട്ടില്ല എന്ന്. നമുക്ക് ആഗ്രഹങ്ങൾ വേണം പക്ഷെ അത്യാഗ്രഹം പാടില്ല . ഇത്രയും പറഞ്ഞ് ദൈവം അപ്രത്യക്ഷനായി.പാവം മീൻ ജീവിത കാലം മുഴുവൻ ആ വികൃത രൂപത്തിൽ കഴിഞ്ഞു. നമ്മളെ ഓരോരുത്തരേയും വ്യത്യസ്തരാക്കുന്നത് നമ്മുടെ പ്രത്യേകതകളാണ്. എല്ലാവർക്കും അവരവരുടേതായ പ്രത്യേകതകളും കഴിവുകളുമുണ്ട് അത് മനസ്സിലാക്കി നാം ജീവിക്കണം. നമ്മുടെ കഴിവുകൾ തിരിച്ചറിഞ്ഞ് അതിനെ പരിപോഷിപ്പിച്ച് ജീവിക്കാൻ ശ്രമിക്കണം. അല്ലാതെ മീൻകുഞ്ഞിനെപ്പോലെ മറ്റുള്ളവരെപ്പോലെ ആവാൻ ശ്രമിച്ച് വികൃത ജീവികളായി വ്യക്തിത്വം നഷ്ടപ്പെട്ട അവസ്ഥയിൽ ആയി മാറരുത്. ഈശ്വരൻ നമുക്ക് തന്ന കഴിവുകളും നന്മയും തിരിച്ചറിഞ്ഞ് സഹജീവികളെ സ്നേഹിച്ചും സഹായിച്ചും നല്ല വ്യക്തിത്വമുള്ളവരായി തീരണം.അല്ലാതെ മറ്റുള്ളവരെപ്പോലെ ആവാൻ ശ്രമിച്ച് പരിഹാസ പാത്രമാവാൻ നിൽക്കരുത്.



മേഘ്ന എൻ എം
9.ബി

# അഗ്നിച്ചിറകുകൾ

ഡോ.എ.പി.ജെ അബ്ദുൾ കലാമിന്റെ ആത്മകഥയാണ് അഗ്നിച്ചിറകുകൾ. ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതിയായ അദ്ദേഹത്തിന്റെ വിപുലമായ ജീവിതചര്യയും പ്രചോദനവും ഉൾക്കൊള്ളുന്നതാണ് ഈ കൃതിയുടെ പ്രതിപാദ്യം. കുട്ടിക്കാലം മുതൽ തന്നെ സ്വന്തമായി അധ്വാനിക്കുകയും അതിലൂടെ പഠനം മുന്നോട്ട് കൊണ്ടുപോവുകയും ചെയ്ത ഒരാളാണ് കലാം. തീവ്രമായ ആഗ്രഹവും കഠിന പ്രയത്നവും കൊണ്ടാണ് ഞാൻ എന്റെ ലക്ഷ്യങ്ങൾ കീഴടക്കിയത് എന്ന് അദ്ദേഹം ഇതിലൂടെ നമ്മോട് പറയുന്നു. 4 ഭാഗങ്ങളായാണ് ഈ ആത്മകഥ വിഭജിച്ചിരിക്കുന്നത്.ആദ്യത്തെ രണ്ട് ഭാഗങ്ങളിൽ കുട്ടിക്കാലവും തന്റെ ലക്ഷ്യങ്ങളും അതു നേടുവാനായി ചെയ്തിരുന്ന കർമ്മങ്ങളും അദ്ദേഹം ചെയ്ത കാര്യങ്ങളും രാഷ്ട്രപതിയായി ഉയർന്ന അനുഭവങ്ങളുമാണ് പ്രതിപാദിക്കുന്നത്.തന്റെ ലക്ഷ്യങ്ങൾക്കായി പരിശ്രമിക്കുകയും അതിനായി പോരാടുകയും ചെയ്യുന്ന ഒരാൾക്ക് അനുകരിക്കാവുന്ന ആത്മകഥയാണ് അഗ്നിച്ചിറകുകൾ എന്ന ഈ ആത്മകഥ.

ഷിഹ വി
10.എഫ്



# ലിറ്റിൽ കൈറ്റ്സ്

## വിവര സാങ്കേതിക വിദ്യയുടെ വിസ്മയ ചിറകിലേറി....... വിദ്യാലയത്തിന്റെ നാഡീ സ്പന്ദനമായി ലിറ്റിൽ കൈറ്റ്സ്....





# അച്ഛാ...

ആകാശം തന്റെ സങ്കടം സഹിക്കാൻ വയ്യാതെ പൊട്ടിക്കരഞ്ഞ രാത്രി. ഇരുണ്ട മേഘത്തിൽ വിടവുകൾ വരുത്തി മിന്നൽ അട്ടഹസിച്ച രാത്രി. കാറ്റ് സർവ്വശക്തി എടുത്ത് വീശിയ രാത്രി. അമ്മുവിന്റെ ഒരു നിലവിളി ഈ രാത്രിയെ നിശ്ചലമാക്കി. "അച്ഛാ..." അവളുടെ ആ നില വിളി മഴയെക്കാൾ ശക്തിയുള്ളതും മിന്നലിനെക്കാൾ മൂർ ച്ചയുള്ളതും ആയിരുന്നു. ചോരയിൽ മുങ്ങികിടന്ന അച്ഛനെ യുംകൊണ്ട് നാട്ടുകാർ ആശുപത്രിയിലേക്കോടിയെങ്കിലും അച്ഛനെ രക്ഷിക്കാനായില്ല. അച്ഛന്റെ മരണവാർത്ത കേ ട്ട അമ്മു പിന്നെ ഒന്നും ചെയ്തില്ല. കുറേ നേരം അവൾ ആഴ മായ ചിന്തയിൽ മുഴുകി. അങ്ങനെ അവൾ ആ സത്യം മന സ്സിലാക്കി."കരഞ്ഞാൽ അച്ഛൻ വരില്ല". അങ്ങനെ കുറേ ദി നങ്ങൾ കഴിഞ്ഞു... അമ്മുവിന്റെ പ്രായവും വർധിച്ചു. കളക്ട റാവണം എന്ന അച്ഛന്റെ സ്വപ്നം നിറവേറ്റാൻ അവൾ ന ന്നായി പഠിച്ചു. ഫീസിന് വേണ്ടി ജോലി ചെയ്തു. അങ്ങനെ അവൾ നല്ല റാങ്കോടെ പാസായി , കളക്ടറായി. അവളുടെ അച്ഛന്റെ സ്വപ്നം നിറവേറ്റി.



ഋഷിക കെ ആർ
8.സി

# പ്രതിവാദങ്ങൾ

ഓം ശാന്തി മന്ത്രങ്ങൾ തീർത്തോരു
ഋഷിഭൂവിൽ
വാദപ്രതിവാദങ്ങൾ നിരന്തരം
ഞാൻ ഒരു മനുഷ്യൻ
ജാതി ചോദിക്കരുത് സോദരാ
ഉയരുന്ന കണ്ഠം തുളച്ചോരാ
ശബ്ദവീചികൾ
വാനത്തിൽ അലയടിക്കവേ
ഹിന്ദുവും ക്രിസ്ത്യനും ഇസ്ലാമും
ഒരേ ചങ്ങല തീർത്തോര
ഭിന്നകണ്ണികൾ
ആചാര വിശ്വാസ സംഹിതകൾ തൻ
ജീവിതം കുതിച്ചുപായവേ
വേറിട്ട പാഠങ്ങൾ
തത്ത്വങ്ങളായീടവേ
വിശ്വാസ ശൃംഗങ്ങൾ കീഴടക്കീടുവാൻ
സ്ത്രീയൗവനത്തിൽ ഉള്ളം തുടിക്കുന്നു
ഏതാണു സത്യം
ഏതാണു ഭീതി
യഥാർത്ഥ വാദത്തിൻ ജ്വാലകൾ ഉയരവേ
ജാതിമത വിശ്വാസങ്ങൾക്കപ്പുറം
കീർത്തിതൻ പുതുപാഠങ്ങൾ
തച്ചുടയ്ക്കുന്നു ആദിചര്യകളെ

ജാതി ചോദിക്കുന്നില്ല സോദരാ
പാർട്ടി ചോദിക്കുന്നേവരും
ഇതു ജനാധിപത്യം
ആധിപത്യം തിരഞ്ഞെടുത്തവർക്കോ
തിരഞ്ഞെടുക്കപ്പെട്ടവർക്കോ
ഒരു ചോദ്യചിഹ്നം ബാക്കിയായ്
ഭിന്നിച്ചു ഭരിപ്പൂ നയം
ബ്രിട്ടൻ തൻ പ്രബല കാലം
അതിജീവന കാലത്തിൻ
ചുവരെഴുത്തുകളിലും
തങ്കലിപികളിൽ മുദ്രയായ്
ജാതിമത പാർട്ടിതൻ
ഭിന്ന തന്ത്രങ്ങൾ
മാറീടട്ടെ മാറ്റീടട്ടെ
ചട്ടങ്ങൾ തൻ ചട്ടക്കൂട്ടുകളെ
ശാശ്വത സത്യങ്ങൾ തൻ
ഉത്ഥാനം അനശ്വരം, യഥാതഥം[c)]



സി. ഡോ. ആഗ്നൽ ഡേവിഡ്
[പ്രിൻസിപ്പൽ]

[c)] യാഥാർഥ്യത്തിനൊത്തവണ്ണം

# അധ്യാപകർ

**അ**മ്മേ... എന്ന് ഉച്ചത്തിൽ കരഞ്ഞ് ഞാൻ ആ പടികൾ ആദ്യം കയറിയപ്പോൾ , ഒരു പുഞ്ചിരിയും മുഖത്തു ഫിറ്റ് ചെയ്ത് ഒരു മിഠായിയുമായി ഞങ്ങളെ കാത്തിരുന്ന,പിന്നീടങ്ങോട്ട് ചെയ്തു കൂട്ടിയ എല്ലാ കള്ളത്തരങ്ങളും കൈയോടെ പിടിക്കുമ്പോൾ തല്ലിയിരുന്ന,സ്പോർട്സ് ഡേയിലും, കൾച്ചറൽ ഫെസ്റ്റുകളിലും അളവില്ലേറെ പ്രോത്സാഹനം നൽകിയിരുന്ന, പരീക്ഷകളിൽ മാർക്കു കുറഞ്ഞ് പേപ്പറും നോക്കി ഇരിക്കുമ്പോ, "നീ ഒക്കെ എന്തിനാടീ സ്കൂളിൽ വരുന്നേ?"എന്ന് ചോദിക്കാറുള്ള, ടൂറു പോകുമ്പോൾ ഇതുവരെ കാണാത്ത സ്റ്റെപ്പുകളുമായി നമ്മുടെ ഇടയിലേക്കു ഇറങ്ങി വരുന്ന, ഒടുവിൽ ആ പടികൾ ഇറങ്ങുമ്പോൾ ഒരു തുള്ളി കണ്ണീരോടെ നമ്മളെ യാത്രയാക്കുന്ന ആ ഒരു വ്യക്തി... അതെ മാതാപിതാക്കൾ എന്നപോലെതന്നെ നമ്മുടെ ജീവിതത്തിലെ മുഖ്യ പങ്കു വഹിച്ച നമ്മുടെ അധ്യാപകർ. വിദ്യ അഭ്യസിപ്പിക്കാൻ സ്നേഹത്തിന്റെ സഹനമായ ഭാഷയിൽ ഈ ടീച്ചർമാരുടെ വായിലിരിക്കുന്നത് ക്ഷമയില്ലാതെ കേട്ടവരാണ് നാം മിക്കരും. പക്ഷേ ഇപ്പൊ ആലോചിക്കുമ്പോൾ ഒന്ന് ആ ദിവസങ്ങിലോട്ട് പോകാൻ കൊതിക്കാത്തവരായി ആരും ഉണ്ടാവില്ല.അങ്ങനെ നമ്മുടെ ജീവിതം എവിടെയെങ്കിലും എത്താൻ കാരണക്കാരായ നമ്മുടെ ടീച്ചർമാരെയെല്ലാം ആദരിച്ചുകൊണ്ട്, അതിലും ഉപരി തല്ലിയതിനും പ്രോത്സാഹിപ്പിച്ചതിനും ഉപദേശിച്ചതിനും

ഒക്കെ, പറയാനുള്ളത് ഒരു വാക്കു മാത്രം. നന്ദി.

എന്നിലെ അക്ഷരങ്ങളുടെ വിത്തുകൾ പാകമായി വന്നതും അതിൽ ഇലകളും ഇടതൂർന്ന ശാഖകളും പിന്നെ വർണ്ണശബളമായ പൂക്കളും പാകപ്പെട്ട കായ്കനികളും സർവ്വവും അറിവിന്റെ മണ്ണിൽ ഗുരുനാഥന്മാർ പകർന്ന് തന്ന വിജ്ഞാനത്തിന്റെ ചിന്തകളിൽ നിന്നുമായിരുന്നു....

അജ്ഞതയാകുന്ന
തമസ്സിൽ നിന്നും
അറിവിൻ
ജ്യോതിസ്സിലേക്കു സ്നേഹത്തിൻ
ഇതളുകളാൽ വീഥിയൊരുക്കിയ
നിങ്ങൾക്കെൻ
പ്രണാമം....



നജ ഫാത്തിമ
8.ഡി

# അമ്മ

പുണ്യം തന്നെയെൻ പൊൻ അമ്മ
തോളിൽക്കിടന്നതോർമയില്ലെങ്കിലും
നിൻ ത്യാഗങ്ങൾ മറക്കുകയില്ല ഞാൻ
എൻ ആദ്യത്തെ വാക്കു നീ
അവസാന വാക്കു നീ....
നിൻ താരാട്ടുപാട്ടെനിക്കോർമയില്ലെങ്കിലും
നിൻ ഉറക്കമില്ലാത്ത രാവുകൾ മറക്കുകയില്ല ഞാൻ
ആദ്യമെൻ ചുവടുകൾ നിന്നടുക്കലേക്ക്
അവസാന ചുവടുകൾ നിനക്കു കടപ്പെട്ടു
നീ ചെയ്തതൊന്നും ചെയ്തില്ലായിരുന്നെങ്കിൽ
ഞാനെന്ന ജീവൻ വൃഥാവിലായേനെ
ഞാൻ ഉയരത്തിൽ പറന്നുവെന്നാൽ
എൻ ചിറകുകൾ നീ തന്നെയാ....
പറഞ്ഞാൽ തീരുകില്ല
പറയാതിരിക്കാനുമാവില്ല
ഈ ലോകം നിനക്ക് തുല്യം
പുണ്യം തന്നെയെൻ പൊൻ അമ്മ....



ശ്രീഷ്ന മുകുന്ദാക്ഷൻ
8.ഇ

# ആടുജീവിതം – ആസ്വാദനം

"നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്." പുറം ചട്ടയിൽ രേഖപ്പെടുത്തിയ വാചകമാണിത്. വായിച്ചുകഴിയുമ്പോൾ നമുക്ക് അതിന്റെ പൊരുൾ മനസ്സിലാകും.നാം കണ്ടതും കാണുന്നതുമല്ല ലോകം, അതുമാത്രമല്ല ജീവിതവും.അതിനുമപ്പുറം അവിശ്വസനീയമായ ജീവിതങ്ങൾ ഒരുപാടുണ്ട്. ഒരു മനുഷ്യൻ ജീവിച്ച ദുസ്സഹമായ ജീവിതം അതിന്റെ തീക്ഷ്ണത ഒട്ടും ചോരാതെ അവതരിപ്പിച്ച കൃതിയാണ് ബെന്യാമിന്റെ 'ആടുജീവിതം'.

ഒരു സാധാരണക്കാരൻ മലയാളി,പുഴയിൽ മണൽ വാരി ജീവിച്ച കഠിനാധ്വാനിയായ യുവാവാണ് നജീബ്.യാദൃശ്ചികമായി ലഭിച്ച വിസയിൽ ഒരുപാട് സ്വപ്നങ്ങളോടെ വിമാനം കയറി. കൂടെ ഒരു പയ്യനുമുണ്ട് ഹക്കീം. അവിടെ ചെന്നിറങ്ങിയ ഇരുവരെയും ഒരറബി കൂട്ടിക്കൊണ്ടുപോയി.(അയാൾ ഒരു വഞ്ചകനാണോ എന്ന് ഇന്നും തെളിയിക്കപ്പെടാത്ത സത്യം)ചുറ്റും നീണ്ടുനിവർന്നു കിടക്കുന്ന മരുഭൂമിയിലേക്ക്. മണലും,മരുഭൂമിയുമല്ലാതെ മറ്റൊന്നും കാണാനില്ല.ഹക്കീമിനെയും നജീബിനെയും രണ്ടിടങ്ങളിലാക്കി.അവർ ആ മസറയിൽ ദുരിതജീവിതം നയിച്ചു. പുലർച്ച മുതൽ അർധരാത്രി വരെ ആടുകളുടെയും ഒട്ടകത്തിന്റെയും കൂടെ. ഭാഷയറിയാതെ ആംഗ്യങ്ങൾ കൊണ്ട് ആശയവിനിമയം നടത്തിയതും ആടിന് ഓമനപ്പേര് നൽകി സംസാരിച്ചതും

നജീബ് ഓർക്കുന്നുണ്ട്.

അനവധി ദുരിതപ്പെയ്ത്തിൽ അകപ്പെട്ട് അവസാനം ഒരു പ്രകാശം വന്നെത്തി ഇബ്രാഹിം ഖാദിരിയുടെ രൂപത്തിൽ. അവർ ജീവിക്കാൻ മോഹിച്ച് രക്ഷപ്പെടാൻ തുനിഞ്ഞു. ഹക്കീം, നജീബ്, ഖാദിരി, ദിവസങ്ങളോളം ഓടിയും നടന്നും അവസാനം ഹൈവേ കണ്ടെത്തി. എങ്കിലും നജീബിന് സങ്കടം ബാക്കി. ഹക്കീം വിശപ്പും ദാഹവും സഹിക്കവയ്യാതെ മരണമടഞ്ഞു.ഏകനായി അയാൾ ഒരു തിരക്കേറിയ ചന്തയിലെത്തി. ആദ്യം മസറയിലെത്തിയപ്പോൾ അവിടെവച്ച് കണ്ട ഭീകരരൂപിക്ക് സമാനമായ രൂപം 3 വർഷം നാല് മാസം ഒമ്പത് ദിവസം കൊണ്ട് നജീബ് ഒരു ഭീകരരൂപിയായിരിക്കുന്നു.

വായനക്കാരനൊരിക്കലും കണ്ണീർ നനവോടെയല്ലാതെ വായിച്ചുതീർക്കാനാവാത്ത നോവൽ, അല്ല ആടുകളോടൊപ്പം തടവനനുഭവിച്ച മനുഷ്യന്റെ ജീവിതം- "ആടുജീവിതം".



ശ്രീലക്ഷ്മി. എസ്
10.ഇ

# പുഞ്ചിരിക്കാം വിജയത്തിനായി

പതിവായി പുഞ്ചിരിക്കുന്ന വ്യക്തികൾ എപ്പോഴും ജീവിതത്തിൽ ആത്മവിശ്വാസത്തോടെ മുന്നേറുന്നതിനുള്ള സാധ്യത കൂടുതലാണ്. ഇത്തരം ആളുകൾ പെട്ടെന്ന് തന്നെ സ്ഥാനക്കയറ്റവും മറ്റും ലഭ്യമാക്കുകയും ആളുകളുടെ ശ്രദ്ധ പിടിച്ച് പറ്റാനും ശ്രമിക്കും അതുകൊണ്ടു തന്നെ മീറ്റിംഗുകളിലും ബിസ്സിനസ് കൂടിക്കാഴ്ച്ചകളിലും ഒക്കെ പുഞ്ചിരി വിടർത്താൻ ശ്രമിക്കുക. നന്ദി..



അപ്സര ആർ
8.ഡി

# അവാർഡ് നേടി ലിറ്റിൽ കൈറ്റ്സ്

**തിരുവനന്തപുരത്ത് വച്ച് നടന്ന ലിറ്റിൽ കൈറ്റ്സ് ജില്ലാ തല അവാർഡ് ദാനച്ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി വി. ശിവൻ കുട്ടിയിൽ നിന്നും അവാർഡ് ഏറ്റുവാങ്ങിയ**

**ചെറുപുഷ്പം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ടീം**






# ഇന്ദുലേഖ വായനാക്കുറിപ്പ്

മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത നോവലാണ് ഇന്ദുലേഖ.ഓ.ചന്തുമേനോനാണ് ഈ നോവൽ എഴുതിയത്. ഇന്ദുലേഖയെന്ന പേരുള്ള 18 വയസ്സുള്ള പെൺകുട്ടിയാണ് ഇതിലെ പ്രധാനകഥാപാത്രം.ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന ആചാരങ്ങൾക്ക് എതിരെയാണ് ചന്തുമേനോൻ ഈ നോവൽ എഴുതിയത്.പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിലൂടെ സമൂഹത്തിൽ മാറ്റങ്ങളുണ്ടാകുമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ചെറുപ്രായത്തിൽ തന്നെ വിദ്യാഭ്യാസവും സംസ്കൃതത്തിൽ പാണ്ഡിത്യവുമുള്ളയാളായിരുന്നു ഇന്ദുലേഖ. സൂര്യനമ്പൂതിരിയെന്ന ഒരു വൃദ്ധനായ കഥാപാത്രത്തെ നമുക്ക് കാണാൻ കഴിയും. അക്കാലത്ത് അത് സാധ്യമായിരുന്നു. എന്നാൽ വിദ്യാഭ്യാസം കൊണ്ടും സ്വന്തം നിശ്ചയദാർഢ്യം കൊണ്ടും ഇന്ദുലേഖ അയാളിൽ നിന്ന് രക്ഷപ്പെടുന്നു. താൻ പ്രണയിച്ച മാധവൻ എന്നയാളിനെ അവൾക്ക് വിവാഹം കഴിക്കാൻ സാധിക്കുന്നു. ഇതാണ് ഇന്ദുലേഖ എന്ന നോവലിലൂടെ ചന്തുമേനോൻ അവതരിപ്പിക്കുന്നത്.



**അശ്വതി.ബി**
**10.സി**

# ജീവിത നിമിഷങ്ങൾ

കാലങ്ങളുടെ നടുവിൽ നീങ്ങി
പോകുന്ന നിമിഷം
അമ്മ എന്ന് ആദ്യം ഉച്ചരിച്ച
നിമിഷം
യാഥാർത്ഥ്യമാകുമെന്ന് കരുതാത്ത
നിമിഷം
തീവണ്ടിപോലെ നീണ്ടു പോകുന്ന
ജീവിതം
കടൽക്കാറ്റ് പോലെ അലയടിക്കുന്ന
സങ്കടവും, സന്തോഷവും
ഓർക്കാതെയെത്തുന്ന അതിഥി പോലെ
നല്ല സൗഹൃദങ്ങൾ
പ്രിയപ്പെട്ടവർ വേർപ്പെട്ടുപോകുന്ന
നിമിഷം
ജീവിത നിമിഷങ്ങൾ മറക്കാൻ കഴിയാത്ത-
തുപോലെ വരുന്ന പല മുഖങ്ങൾ......



പൂർണിമ എ
8.സി

# ഭയം എന്തുകൊണ്ട്..
# അതിൽനിന്നും എങ്ങനെ മോചനം നേടാം

നിലവിലില്ലാത്ത എന്തിനെയൊക്കെയോ ആണ് നാം ഭയപ്പെടുന്നത്. മനസ്സിൽ മാത്രം ജീവിക്കുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. ജീവിതത്തെ വേണ്ടതുപോലെ അറിഞ്ഞ്, അല്ലെങ്കിൽ ഉൾക്കൊണ്ടുകൊണ്ട് നിങ്ങൾ ജീവിക്കുന്നില്ല. അതുകൊണ്ടാണ് ഭയം തോന്നുന്നത്. സ്വന്തം മനസ്സിലാണ് നിങ്ങൾ ജീവിക്കുന്നത്. എന്ത് സംഭവിക്കാൻ പോകുന്നതിനെ കുറിച്ചാണ് എപ്പോഴും ഭയം. അതായത് നിലവിലില്ലാത്ത ഒന്നിനെയാണ് നിങ്ങൾ ഭയപ്പെടുന്നത്. ഇല്ലാത്തതിനെക്കുറിച്ചുള്ള ഭയം അതിന്റെ അർഥം നിങ്ങളുടെ ഭയം സാങ്കൽപികമാണ് എന്നല്ലേ? അങ്ങനെയുള്ള ഭയങ്ങളെ ചിത്തഭ്രമം [D)] എന്ന് സാധാരണയായി പറയാറുണ്ട്. അങ്ങനെ നോക്കുമ്പോൾ അധികം ആളുകളും ചില്ലറ ചിത്തഭ്രമം ഉള്ളവരാണെന്ന് കാണാം. കാരണം, എല്ലാവർക്കുമുണ്ട് ഓരോ തരത്തിലുള്ള ഭയങ്ങൾ. അതിലേറെയും സാങ്കൽപികവുമാണ്.സംഭവിച്ചു കഴിഞ്ഞതിനെക്കുറിച്ചോ സംഭവിക്കാൻ പോവുന്നതിനെക്കുറിച്ചോ ആണല്ലോ മനുഷ്യർക്ക് ഭയം. നിലവിലില്ലാത്ത ഒന്നിനെക്കുറിച്ച് ചിന്തിച്ചാണ് മനുഷ്യൻ ഭയപ്പെടുന്നത്.

[D)] ഒരു മനോരോഗം

എന്തിനെക്കുറിച്ചാണ് നിങ്ങൾ ഭയപ്പെടുന്നത് ?

സംഭവിച്ചതിനെകുറിച്ചുമാത്രമല്ല ഇനിയെന്തു സംഭവിക്കും എന്നോർത്തുമാണ് ഭയപ്പെടുന്നത്. ഭാവി യെക്കുറിച്ചാണ് എല്ലാവരും കൂടുതലായും ഭയപ്പെടുന്നത്. ഭാവി വരാനിരിക്കുന്നതേയുള്ളൂ. ഇല്ലാത്ത കാര്യത്തെക്കു റിച്ച് ക്ലേശിക്കുന്നവർ മനസ്സിന് ഉറപ്പില്ലാത്തവരാണ്. “എല്ലാവരും എന്നെപ്പോലെയാണ്" എന്നുപറഞ്ഞാശ്വ സിക്കാം. നിങ്ങളോടൊപ്പമാണ് ഭൂരിഭാഗം പേരും എന്ന സമാധാനം കിട്ടും.

ഭയത്തെ എങ്ങനെ മറികടക്കാം?

ജീവിതത്തിന്റെ വലയത്തിൽ നിന്നും ഉണ്ടായിട്ടു ള്ള ഒന്നല്ല ഭയം. വിദ്യാ സങ്കൽപങ്ങളിൽ സമനില തെറ്റി പ്പോയ മനസ്സിന്റെ ഉല്പന്നമാണ് പേടി. നിങ്ങൾ യഥാർ ത്ഥ്യത്തിൽ ജീവിതത്തിൽ കാലുറപ്പിക്കുന്നില്ല. അതിന്റെ ഫലമായി നിലവിലില്ലാത്ത സംഗതികളെക്കുറിച്ച് നിങ്ങളു ടെ മനസ്സ് ക്ലേശിക്കുന്നു. വാസ്തവത്തിൽ ഭാവിയെക്കുറിച്ച് നിങ്ങൾക്ക് ഒന്നും തന്നെ അറിഞ്ഞുകൂടാ. അതുകൊണ്ടുത ന്നെ ഭയത്തെ മറികടക്കാൻ ഒരു വഴിയേ ഉള്ളൂ. യാഥാർ ത്ഥ്യത്തിലേക്ക് തിരിച്ചുവരിക. ഇപ്പോൾ എന്തു നടക്കുന്നു വോ അതിൽ പൂർണമായും മനസ്സിരുത്തുക. നിലവിലില്ലാ

ത്ത കാര്യങ്ങൾ സങ്കൽപ്പിച്ചുകൂട്ടി പേടിച്ചിരിക്കുന്നത് ബുദ്ധി ശൂന്യതയാണ്. ചിന്തകൾ വർത്തമാനകാലത്തിൽ ഉറച്ച് നിൽക്കുമ്പോൾ അവിടെ ഭയത്തിന് സ്ഥാനമില്ല. അർത്ഥമില്ലാത്ത സങ്കൽപ്പങ്ങൾ അകന്നുപോകുന്നതോടെ ഭയവും നിങ്ങളെ വിട്ടൊഴിയും. അതുകൊണ്ട് നിലവിലുള്ള കാര്യങ്ങളെക്കുറിച്ച് മാത്രം ചിന്തിക്കുക.



മിസ്സ് അനുശ്രീ
[എച്ച് എസ് ടി ഫിസിക്സ്]

# പെരുകുന്ന വൃദ്ധസദനം

എന്തിനാണ് വൃദ്ധസദനം? മാതാപിതാക്കളെ സ്നേഹിക്കുന്നവർക്ക് വൃദ്ധസദനം എന്തിന്?

വൃദ്ധസദനത്തിൽ ഒരു ദിവസം പോയി നോക്കിയാൽ അനേകം വ്യക്തികളെ കാണാം.അവർക്ക് സങ്കടം ഉണ്ടാവില്ലേ. പത്തുമാസം ഗർഭം ധരിച്ച് നൊന്ത് പ്രസവിച്ച അമ്മ,തനിക്കായ വർഷങ്ങളോളം പണി ചെയ്ത അച്ഛൻ ഈ ഒരു നിമിഷത്തിനു വേണ്ടിയല്ലാ ഇത്രയും കാലം ജീവിച്ചത്. നമ്മൾ യുട്യൂബിലും സോഷ്യൽ മീഡിയയിലുമൊക്കെ മാതാപിതാക്കളെ സ്നേഹിക്കുക എന്ന ആശയം എപ്പോഴും കാണുന്നതാണ്.

ഇവയെല്ലാം, സത്യമാണല്ലോ. പകുതിയിലധികം ആളുകൾ സ്വന്തം മാതാപിതാക്കളെ വൃദ്ധസദനത്തിൽ വേസ്റ്റ് കുമ്പാരം തള്ളുന്നതു പോലെയാണ് തള്ളുന്നത്. ഇനിയുള്ളതലമുറയെങ്കിലും ഈ പ്രശ്നം ഗൗരവമായി കണ്ട് മാതാപിതാക്കൾക്കുവേണ്ടി കൈകോർക്കാം.



ആതിര ആർ
8.ഡി

# ചിരി

പിറന്നുവീണ ആ നിമിഷം അമ്മതൻ
മുഖത്ത് തെളിഞ്ഞൊന്ന്....
ആടിയുലയുന്ന സങ്കടങ്ങളിൽ അച്ഛൻ
മനസ്സിൽ മായാതെ
സൂക്ഷിച്ചൊന്ന്.......
കളിക്കൂട്ടുകാർക്കിടയിൽ മായാതെ
പുഷ്പങ്ങൾ പോലെ വിടർന്നുനിന്നൊന്ന്..
തിരക്കുപിടിച്ച ഈ ലോകത്തിൽ
മനുഷ്യർ മറന്നുപോയൊന്ന്....
സങ്കടങ്ങളെ ഇല്ലാതാക്കാൻ ഈശ്വരൻ
തന്ന വരപ്രസാദം...
"പുഞ്ചിരി"........



ഫിദ മോൾ എസ്
8.ബി

# ഗൈഡ്സ്

## നൂതന സാമൂഹികസേവന വഴികൾ പൊതു ജനങ്ങളിലേക്കെത്തിക്കാൻ ഊർജസ്വലരായി പ്രവർത്തിക്കുന്ന ഗൈഡ്സ് ഈ വിദ്യാലയത്തിൽ നിസ്വാർത്ഥ സേവനം കാഴ്ചവയ്ക്കുന്നു.





# ഉത്സവം

ഉത്സവംകുരുത്തോലത്തലപ്പുകുലുക്കി
വന്നിതാ... ഉത്സവകാലം ഹാ!
അച്ഛന്റെ തോളിലിരുന്നു
രസിച്ച കാലം വന്നിതാ!

കളിപ്പാട്ടങ്ങൾ വാങ്ങാൻ മോഹം
ആ കാണുന്ന ബലൂണൊന്നു
സ്വന്തമാക്കാൻ മോഹം...

ഓർമ്മകൾ,ഓർമ്മകൾ മാത്രം
ഓർക്കുമ്പോൾ മനസ്സിൽ കുളിർക്കാറ്റ്-
വീശിപ്പറക്കുന്നിതാ...ഓർമ്മകൾ

അതിരാവിലെ കുളിച്ച് പുത്തനുടുപ്പിട്ട് രസിച്ച്
മുത്തശ്ശി ചാലിച്ച തണുത്ത ചന്ദനത്തിൻ സുഗന്ധം.
കുപ്പുകൈകളുമായി ഞാൻ നടയിൽ
സ്വർണ്ണപ്പട്ടുടുത്ത് ഭഗവതി കോവിൽ

ഓർമ്മകൾ,ഓർമ്മകൾ മാത്രം
ഓർക്കുമ്പോൾ നനഞ്ഞ ചുണ്ടിൽ
പുഞ്ചിരി അറിയാതെ വിരിഞ്ഞു.



വരദ വിനോദ്
9.ബി

# തിരിച്ചറിവ്

നന്മകൾക്കപ്പുറം  തിന്മകൾ  ഇടം പിടിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ എന്തിനേയും തിന്മയുടെ വിഭാഗത്തിലേക്ക് തരംതിരിക്കപ്പെടുന്നത് ഒരു വലിയ കാര്യം ഒന്നും അല്ല. പക്ഷേ...അത്തരം തിരിക്കൽ പ്രക്രിയ ആരാണോ ചെയ്യുന്നത് അവരുടെ വ്യക്തിത്വത്തിൽ എന്ത് തരം പ്രക്രിയയാണോ കൂടുതൽ ഉള്ളത് അല്ലെങ്കിൽ ഉണ്ടായിരുന്നത് അതായിരിക്കും അത് അളക്കപ്പെടുന്നവന്റെ വ്യക്തിത്വമായി കണക്കാക്കുന്നത്. ചിന്തകൾ ചന്തമുള്ളതായാൽ പ്രവർത്തികൾ ചന്തമുള്ളവയാകും.



**അഫ്രിൻ ഫാത്തിമ ജെ**
**9.ബി**

# കാഴ്ചയ്ക്കുമപ്പുറം

**ലോ**കം വളർന്നുകൊണ്ടേയിരിക്കുന്നു.ശാസ്ത്രീയമായും സാങ്കേതികമായും, എല്ലാം വിരൽത്തുമ്പിൽ സാധ്യമാകുന്ന ഒരു കാലഘട്ടം. അര നൂറ്റാണ്ട് മുൻപുള്ള മനുഷ്യമനസ്സുകൾക്ക് സ്വപ്നം കാണാൻ പോലും കഴിയാതിരുന്ന നേട്ടങ്ങളുടെ''മായാലോക''ത്തിലാണ് നാമിന്ന് .വിവര സാങ്കേതിക വിദ്യ അത്രമേൽ മനുഷ്യനെ സ്വാധീനിച്ചിരിക്കുന്നു. മൊബൈൽ,കമ്പ്യൂട്ടർ,ലാപ്ടോപ്.... ഇവയൊന്നും ഇല്ലാതെയുള്ള മനുഷ്യജീവിതം ഇന്ന് അസാധ്യമായി മാറിക്കൊണ്ടിരിക്കുകയാണ്. ജീവിതമാകുന്ന ഈ യാത്രയിൽ മനുഷ്യന് എത്തിപ്പിടിക്കാതിരിക്കാനായി ആരുമില്ല. കാതങ്ങൾക്കപ്പുറത്തുള്ള സ്വന്തങ്ങളോടുള്ള കാഴ്ചകളും സംഭാഷണങ്ങളും എവിടെയുമുള്ള ഒരു കാഴ്ചയാണ്. എന്നാൽ തൊട്ടടുത്ത മുറിയിലുള്ളവരോടും ഒരു പക്ഷേ ഇങ്ങനെത്തന്നെ പെരുമാറാനാണ് ഇന്നത്തെ തലമുറയ്ക്ക് ഇഷ്ടം. വിദൂരങ്ങളിലുള്ള പ്രിയപ്പെട്ടവരെ ഒന്നു കാണാൻ, ഒന്നു കേൾക്കാൻ ഒന്നു സംസാരിക്കാൻ കണ്ടു പിടിക്കപ്പെട്ട ഉപകരണങ്ങൾ ഇന്ന് മനുഷ്യനെ തലയുയർത്തി നിൽക്കാൻ പോലും അനുവദിക്കുന്നില്ല. മനുഷ്യന്റെ എല്ലാ മേഖലകളെയും വളർത്തുന്ന ഇത് അവന്റെ ഇച്ഛാ ശക്തിയെ തളർത്തുന്ന ഒന്നായും മാറുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ തലമുറയുടെ ചിന്താശേഷിയെപ്പോലും ഇത് സാരമായി ബാധി

ച്ചിരിക്കുന്നു. ഈ മാധ്യമങ്ങളെ ക്രിയാത്മകമായും നിയന്ത്രിതമായും ഉപയോഗിക്കാൻ ഇന്ന് സാധിക്കുന്നുണ്ടോ?വിദ്യാർത്ഥികളുടെ ജീവിതത്തിൽ ഇൻഫോർമേഷൻ ടെക്നോളജിക്ക് വലിയൊരുസ്ഥാനമുണ്ട്. എന്നാൽ എ ഐ യുടെയും ചാറ്റ് ജി പി ടി യുടെയും വരവ് ഹോം വർക്ക് പോലും ചെയ്യാൻ ശക്തിയില്ലാത്ത തലമുറയെ വാർത്തെടുക്കുന്നില്ലേ എന്ന് നാം ഭയപ്പെടേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിന് സഹായകമാവേണ്ട ഇവയെല്ലാം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെത്തന്നെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നത്തെ തലമുറ പ്രകൃതിയെ അറിയുന്നത് തന്നെ മൊബൈലിലൂടെയും കമ്പ്യൂട്ടറിലൂടെയും ആണ്. ചുറ്റുമൊന്ന് തലയുയർത്തി നോക്കാനോ പ്രകൃതിയുടെ മനോഹാരിതയെ ആസ്വദിക്കാനോ ഇന്നവർക്ക് സാധിക്കുന്നില്ല. കുട്ടിക്കാലത്തെ കളികളെല്ലാം ഇന്ന് പോയിരിക്കുന്നു. മറ്റുള്ളവരുടെ നേട്ടങ്ങളും സൃഷ്ടികളും സെക്കന്റുകൾക്കുള്ളിൽ കൈവിരൽത്തുമ്പിൽ കടത്തി വിടുമ്പോൾ പുതു തലമുറ അവർക്ക് കൈവരേണ്ട ക്രിയാത്മകതയെ അലസതയുടെ മടിത്തട്ടിലേക്ക് വലിച്ചെറിയുന്നു. ആവിഷ്കാരത്തിൽ നിന്ന് അനുകരണത്തിലേക്ക് കൂപ്പ് കുത്തുന്നു. സ്വന്തം വ്യക്തിത്വത്തേയും വ്യക്തിബന്ധങ്ങളേയും മറന്ന് ചുറ്റുപാടുകളെ വിസ്മരിച്ചുകൊണ്ടുള്ള ഒരു ജീവിത സംസ്കാരത്തിലേക്ക് നാം മാറുകയാണോ? മനുഷ്യത്വവും മൂല്യങ്ങളും, നന്മകളും, അച്ചടക്കവുമെല്ലാം അന്യമാകുന്നില്ലേ? മനുഷ്യന്റെ നന്മയ്ക്കും പുരോഗതിക്കും വേണ്ടി

യാണ് ഇവയെല്ലാം കണ്ടുപിടിക്കപ്പെട്ടത്. എന്നാൽ ഇന്നിന്റെ ജൈത്രയാത്ര അങ്ങോട്ട് വിരൽത്തുമ്പിലുള്ള ലോകത്തെക്കാൾ എത്രയോ സുന്ദരമാണ് എന്റെ കൺമുമ്പിലുള്ള ഈ ലോകംമെന്ന് തിരിച്ചറിയണം. ജീവിതം കുറച്ചുകൂടി സുന്ദരവും മനോഹരവുമാക്കാം. ആസ്വദിക്കാം ഈ കൊച്ചു ജീ
വിതത്തെ. കാഴ്ചകൾക്കപ്പുറത്തുള്ള ഉൾക്കണ്ണുകളെ തുറക്കാം. നല്ലൊരു നാളെയെ സ്വപ്നം കാണാം. .....



സി. ടീന
[എച്ച് എസ് ടി മാത്തമാറ്റിക്സ്]

# ചാറ്റൽ മഴ

വേനൽ കാലത്ത് മനസ്സിനു
കുളിരായി പെയ്യുമൊരാ
ചാറ്റൽ മഴ.....ആ മഴ എൻ
മനതാരിൽ പൊഴിക്കുമൊരായിരം
വർണ്ണങ്ങൾ മണ്ണിന്റെ ഉദരത്തിൽ
നിന്ന് ഉയരുന്നൊരാ സൗരഭം
എൻ ഉള്ളിൽ ശാന്തിതൻ
ദീപം തെളിയ്ക്കുന്നു.....
കുളിർക്കാറ്റിൽ ആടി ഉലയുമാ
കുഞ്ഞു പൂൽകളും ഭൂമിയുടെ
തണുപ്പിൽ കിടന്നുറങ്ങുമാ
കുഞ്ഞു പുഴുകളുമെല്ലാം എൻ
ഉള്ളിലെ ബാല്യകാലത്തെ ഉണർത്തുന്നു...



അനുഗ്രഹ എം
9.ഇ

# സന്തോഷത്തിന്റെ ഉറവിടം തേടി

അലയാൻ ഇനിയൊരു ഇടം ഇല്ല എങ്കിലും ഞാൻ അലയുന്ന അതിനെ തേടി ഇതിനുത്തരം കിട്ടുന്നില്ല എത്ര നോക്കിയിട്ടും എങ്കിലും ഉത്തരം തേടുവാൻ ഞാൻ ആഗ്രഹിക്കുന്നു.ഞാൻകുന്നിൻ ചെരുവിൽ കേറി, പട്ടണമൊക്കെ ച്ചുറ്റി കറങ്ങി ഒടുവിൽ ഒഴുകുന്ന സ്നേഹകടൽതീരത്ത് എത്തി ഞാൻ ഒരു അലയുന്ന പുത്രനോട് ചോദിച്ചു എങ്ങനെ കിട്ടി എൻ ചോദ്യത്തിനുത്തരം.ചെറുപുഞ്ചിരിയോടെയവൻ പറഞ്ഞു നിൻ ഉള്ളിലുണ്ടാചോദ്യത്തിനുത്തരം.ഒടുവിൽ ഞാൻ ച്ചുറ്റുപാടുനോക്കി ചിന്തിച്ചിരുന്നു പെട്ടെന്ന് എൻ നെഞ്ചിൽ കൈവെച്ചു ഞാൻ പറഞ്ഞൊരാ ഉത്തരം എൻ പ്രവൃത്തികളിൽ ആനന്ദത്തോടായിരിക്കും എവിടെയും അലയേണ്ടതില്ല ആ ഉത്തരം തേടി നീ കാരണം നിന്റെ ഉള്ളിൽ ഉണ്ടാ ഉത്തരം നീ അതു തേടിയാൽ മതി സന്തോഷമാണാ ചോദ്യത്തിൻ ഉത്തരം .



അനഘ. കെ ജോസ്
10.ബി

അടനം

# ജൂനിയർ റെഡ് ക്രോസ്സ്

## അതിജീവനവഴികളിൽ തങ്ങളുടെ സാന്നിധ്യം അറിയിച്ചുകൊണ്ട് ജൂനിയർ റെഡ് ക്രോസ്സ് അഥവാ JRC ഈ വിദ്യാലയത്തിൽ സജീവമായി പ്രവർത്തിച്ചു വരുന്നു.



അടനം

# കുസൃതി ചോദ്യങ്ങൾ

1. മരങ്ങൾക്കും ബാങ്കുകൾക്കും പൊതുവായുള്ളത് എന്താണ് ?

ഉ) ശാഖ (ബ്രാഞ്ച്)

2. ആരും ഇഷ്ടപ്പെടാത്ത പണം ഏതാണ് ?

ഉ) ആരോപണം

3. ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ ഉപയോഗിക്കുന്ന മാല ഏത് ?

ഉ) അക്ഷരമാല

4. അച്ഛൻ മുള്ളൻ, അമ്മ മിനുമിനു, മോൾ മണിമണി ?

ഉ) ചക്ക

5. ആർക്കും ഇടാൻ പറ്റാത്ത വള?

ഉ) തവള

6. എല്ലാവരും ഇഷ്ടപ്പെടുന്ന വാർഡ് ഏത് ?

ഉ) അവാർഡ്

7. എപ്പോഴും മഴയുള്ള രാജ്യം?

ഉ) ബഹ്റൈൻ

8. ആവശ്യം ഉള്ളപ്പോൾ വലിച്ചെറിയും ആവശ്യം കഴിഞ്ഞാൽ എടുത്ത് വെക്കും ?

ഉ) വല



രേവതി പി

8.സി

# ഭൂമിദേവിയുടെ സങ്കടങ്ങൾ

ഭൂമിയാം അമ്മയെ വേദനിപ്പി-
ച്ചൊരു മക്കൾ നമ്മൾ.
കാടും, പുഴകളും നിറഞ്ഞൊരു
ഭൂമിയിൽ തിന്മകൾ
നമ്മൾ ചെയ്തുകൂട്ടി...
ഹരിതാഭം നിറഞ്ഞൊരു മണ്ണിനേ
നമ്മൾ പ്ലാസ്റ്റിക്ക് കൊണ്ടു
മലിനമാക്കി... പ്ലാസ്റ്റിക്ക് കൊണ്ടു
മലിനമാക്കി...
മാപ്പുചോദിക്കുന്നു ഭൂമി ദേവി ഞങ്ങൾ
വേദനയോടെ നിന്നോട്......
നിന്നോട്.....നിന്നോട്...



ഐശ്വര്യ എ എസ്
8.ബി

# AI മനുഷ്യരുടെ സർഗാത്മഗതയെ ബാധിക്കുമോ?

AI എന്ന ഓമനപേരിൽ അറിയപ്പെടുന്ന നമ്മുടെ; പ്രത്യേകിച്ച് കുട്ടികളുടെ സ്വന്തം കൂട്ടുകാരനാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.

ലോകത്തിന്റെ പുരോഗമനം അളക്കാൻ ആർക്കും തന്നെ കഴിയില്ല. അതെ ഇങ്ങനെ പോയാൽ എവിടെച്ചെന്നെത്തുമെന്ന് ചിന്തിക്കാൻ കൂടെ കഴിയില്ല അല്ലേ! അതെ ഇന്ന് നിർമ്മിത ബുദ്ധി ഉപയോഗികാത്ത ആരാണീ ലോകത്തുള്ളത്. ഞാനും നിങ്ങളും ഇന്ന് പല കാര്യങ്ങൾ ഗ്രഹിക്കുന്നതും അറിയുന്നതും AI യുടെ വലിയ പങ്കുകൊണ്ടാണ്. AI യുടെ ആഴമേറിയ അറകളിലേക്ക് പ്രവേശിച്ചാൽ ഉപകാരപ്രധമായ പല വസ്ഥുതകളും അറിയാൻ നമുക്കു കഴിയും. കുട്ടികൾക്ക് ഉപകാരമുള്ള ഏറെ കാര്യങ്ങൾ ഇന്നുണ്ട്. എന്തിന്, ഇന്ത്യയിലെ പല സ്കൂളുകളിലും ഇന്ന് AI അധ്യാപകരും, AI സംവിധാനങ്ങളും നടപ്പാക്കിവരുന്നു. നമ്മൾ കുട്ടികൾ നല്ല രീതിയിൽ അതിനെ ചേർത്തു പിടിച്ചാൽ ഒരു പാട് കഴിവുകൾ നേടിയെടുക്കാനും അറിവ് സമ്പാദിച്ച് നല്ല വ്യക്തിത്വങ്ങളാകാനും സാധിക്കും.

AI പഠനത്തിൽ മികവു മാത്രമല്ല എല്ലാവരുടെയും സർഗാത്മകതയെ വർധിപ്പിക്കുകയും ചെയ്യുന്നു. AI യുടെ വരവ് ലോകത്തിനൊരുപാട് സംഭാവനകൾ നൽകി. അന്തരീക്ഷ പഠനങ്ങൾ, ബിസ്സിനസ്സ് മേഖല, പഠന മേഖല, ഗവേഷണം, പ്രകൃതി സംബന്ധമായ പഠന

ങൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾക്ക് AI പ്രധാന പങ്കു വഹിക്കുന്നു.

ഇന്ന് മൊബൈൽ ഫോണിൽ ചുരുങ്ങിയ ലോകത്തിന് AI കൂടുതൽ വഴിവെട്ടുന്നു. പ്രകൃതിയോടിണങ്ങി ജീവിക്കാതെ ഇന്ന് ഇൻസ്റ്റഗ്രാം, യുട്യൂബ്,വാട്സ് ആപ് എന്നിവയിലൂടെയാണ് മനുഷ്യർ ജീവിക്കുന്നത്. ഈ മായാജാലങ്ങൾ നിറഞ്ഞ ഭൂമി ഒരു കൊച്ചു സ്ക്രീനിലേക്ക് ചുരുങ്ങിയ വസ്തുത അത്ര നിസ്സാരമായി കാണേണ്ടതൊന്നുമല്ല.അതിന്റെ തീവ്രത നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആവശ്യത്തിന് മാത്രം ഉപയോഗിക്കേണ്ട ഒന്നാണ്,അനാവശ്യത്തിനുള്ളതല്ല.AI നൽകുന്ന ദുരന്തങ്ങൾ ഒരുവനെ നശിപ്പിക്കാനുള്ളത്ര ശക്തിയുള്ളവയാണ്.

ദുരുപയോഗം ചെയ്താൽ മനുഷ്യനു തന്നെയാണ് പ്രശ്നം. AI യുടെ ഇരുട്ടറയിൽ നാം അകപ്പെടരുത്. ഇന്ന് എത്ര കുട്ടികളാണ് വീഡിയോ ഗെയിംസും മറ്റും കളിച്ച് ഓരോ പ്രശ്നത്തിൽ ചെന്നു പെടുന്നത്? അവയ്ക്കൊന്നും കണക്കില്ല. നമ്മുടെ ആവശ്യാനുസരണം ഉപയോഗിച്ചില്ലെങ്കിൽ പടു കൂറ്റൻ കെണിയാണ് നമ്മളെ കാത്തിരിക്കുന്നത്.

AI പല കുട്ടികളുടെ ജീവനെടുത്തിട്ടുണ്ട്. ദിവസം മുഴുവൻ സ്ക്രീനിൽ കഴിയുന്ന കുട്ടികൾക്ക് മാനസികമായും ശാരീരികമായും ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും എന്ന് ഉറപ്പ്. അവയിൽ നിന്നെല്ലാം മറികടക്കാൻ സഹായിക്കേണ്ടത് നല്ല അധ്യാപകരും മാതാപിതാക്കളുമാണ്.കുട്ടികളു

ടെ സർഗ്ഗാത്മകതയെ അത് കൊല്ലുന്നു.ഇന്ന് പല കുട്ടികൾ ക്കുമുള്ള ഒന്നാണ് ശ്രദ്ധക്കുറവ്. അതെല്ലാം AI യുടെ കടന്നു കയറ്റം തന്നെയാണെന്നതിൽ സംശയമില്ല.

മനുഷ്യരുടെ സ്ഥാനത്ത് റോബോട്ടുകളും മെഷീനുകളും പ്രവർത്തിക്കുന്നതിലൂടെ മനുഷ്യനു തൊഴിലില്ലാത്ത അവസ്ഥ നേരിടേണ്ടി വരും ലോകത്തിന്റെ പുരോഗമനം മാത്രം സ്വപ്നം കണ്ടു നാം മുന്നോട്ട് പോകരുത് അവ നാശത്തിലേക്കാണു നമ്മേ നയിക്കുക എന്ന വസ്തുത നാം എന്നും ഓർക്കണം.

ഇതെല്ലാം അത്യാഗ്രഹികളായ മനുഷ്യർക്കു പുല്ലുവില. അവർ പുരോഗതിയുടെ പാതയിൽ അങ്ങനെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെയെല്ലാം പരിണത ഫലം നാം മനുഷ്യർ തന്നെ അനുഭവിക്കേണ്ട ഒരു അവസ്ഥ വരും. അതിനായി നമുക്ക് കാത്തിരുന്ന് കാണുകയല്ലാതെ മറ്റൊരു മാർഗമില്ല.



വരദ വിനോദ്
9 ബി

# ഇവർ ഞങ്ങളുടെ അഭിമാനം...

## വിദ്യാലയ പ്രവർത്തനങ്ങളെ ചലനാത്മകമാക്കുന്ന,ലോകത്തെ അറിയിക്കുന്ന ലിറ്റിൽ കൈറ്റ്സിലെ മിടുക്കികളായ ഫോട്ടോ ഗ്രാഫർമാർ...










avitisclin

# അർത്ഥമില്ലാത്ത കിനാവുകൾ

ഇന്നു ഞാൻ കാണും കിനാവുകളൊക്കെയും
മഞ്ഞുപോൽ മൂടികളിർന്നിരുന്നു...
എങ്കിലും എൻമനം നീറുകയാണെന്നും
അമൃതറഞ്ഞപോൽ തോന്നിടുന്നു.
എന്റെ വിങ്ങലിൽ ഞാൻ വിതുമ്പുമ്പോൾ
എന്റെ ചില്ലകൾ തേടുന്നു നിന്നേ...
എന്നു നീ വരും എന്നിലേക്കായി
എൻ കിനാവുകൾ പൂവണിയിക്കാൻ...
എന്നിൽ നൊമ്പരം പെയ്തിറങ്ങുമ്പോൾ
എൻ കിനാവുകൾ വെയിലിനാൽ വാടിടും
പേടിയാണെനിക്കെന്നുമുള്ളിൽ
നിൻ കിനാവുകൾ കാണുവാനെപ്പൊഴും
നീ വരില്ലെനിക്കായ് കിനാവെന്ന പോൽ
ഞാൻ കൊതിച്ചപോൽ എന്നെ പുണർന്നിടാൻ
എങ്കിലും വരും ജന്മമുണ്ടെങ്കിൽ ഞാൻ
നിൻ കിനാവിലെ പെണ്ണായ് പിറന്നിടും
എന്ന സ്വപ്നവും പേറി നടപ്പൂ
ഞാൻ.....



വൈഗ എസ് എ
9.ബി

# ആസ്വാദനം-പാത്തുമ്മായുടെ ആട്

വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രശസ്തമായ നോവലാണ് പാത്തുമ്മയുടെ ആട്.ഈ നോവലിന് പെണ്ണുങ്ങളുടെ ബുദ്ധി എന്നൊരു പേരു കൂടി ബഷീർ നൽകിയിട്ടുണ്ട്. എല്ലാവരിലും നന്മയും സ്നേഹവും കണ്ടെത്തുന്ന അദ്ദേഹത്തിന്റെ ജീവിത വീക്ഷണം കൂടി പ്രകടമാക്കുന്ന കൃതിയാണിത്.ബഷീറിന്റെ ഉമ്മയും സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന വലിയ കൂട്ടകുടുംബം,ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവവികാസങ്ങൾ തന്റെ തനതു ശൈലിയിലാണ് ബഷീർ വിവരിച്ചിരിക്കുന്നത്. പേര് സൂചിപ്പിക്കും പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിന്റെ കഥാഗതി. തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിന്റെ ചികിത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോല പറമ്പിലുള്ള കുടുംബ വീട്ടിൽ കഴിയുമ്പോഴാണ് 1945-ൽ ഇത് ബഷീർ എഴുതുന്നത്.നിരവധി പ്രത്യേകതകൾ നിറഞ്ഞതാണ് പാത്തുമ്മയുടെ ആട് എന്ന നോവൽ. കണ്ണീരിനെ പൊട്ടിചിരിയാക്കി മാറ്റുന്ന ജീവിത-ഗ്രാമീണ ബിംബങ്ങളാണ് കഥയിലുടനീളം വന്നു പോകുന്നത്. കഥയിലുടനീളം നർമ്മത്തിനാണ് മുഖ്യപങ്ക്. എങ്കിലും അക്കാലത്തെ ഇല്ലായ്മയും ഒരു കൂട്ടകുടുംബത്തിൽ ഉണ്ടാകുന്ന കൊച്ചുവർത്തമാനങ്ങളും കുശുമ്പും പിണക്കങ്ങളും, ആപിണക്കങ്ങളെയെല്ലാം ക്ഷണ നേരത്തിൽ മായ്ച്ചുകളയുന്ന സഹോദര സ്നേഹ

വും ബഷീർ വളരെ അനായാസം വരച്ച് കാണിക്കുന്നു. പാത്തുമ്മയുടെ ആടിനെ പരസ്യമായി വഴക്കുപറയുകയും പരിഹാസഭാവത്തിൽ 'ഹേ അജ സുന്ദരി' എന്നഭിസംബോധന ചെയ്യുകയും പിന്നീട് തന്റെ പുതിയ നോവലിന്റെ അവശേഷിച്ച കോപ്പി ആടിനെ തീറ്റിക്കാൻ ഒരുങ്ങുകയും അതു പെറ്റ് കഴിയുമ്പോൾ മറ്റ് ഒരാളെക്കാളും കരുതൽ കാണിക്കുകയും ചെയ്യുന്നതിലൂടെ ബഷീറിന്റെ മുൻ ശുണ്ഠിയും നർമ്മബോധവും പരിഹാസവും പിന്നെ, തന്നെ ചുറ്റിപറ്റുന്ന മനുഷ്യരോടും ജീവജാലങ്ങളോടും പരോക്ഷത്തിൽ വച്ചുപുലർത്തുന്ന വാത്സല്യവും ലാളനയും കാണാവുന്നതാണ്. കണ്ണീരിനെ പൊട്ടിച്ചിരിയാക്കി മാറ്റുന്ന രാസവിദ്യ ബഷീറിനു മാത്രം സ്വന്തം.ബഷീർകഥ എഴുതുകയല്ല, പറയുകയാണ്. എത്ര ലളിതമാണ് ബഷീറിന്റെ എഴുത്ത് എന്ന് നമുക്ക് തോന്നും. സൂക്ഷ്മവായനയിൽ ആ ലാളിത്യത്തിന്റെ പിന്നിൽ ഭാഷയെ സ്നേഹിച്ച ഒരു മനുഷ്യന്റെ നിരന്തരമായ അധ്വാനം ഉണ്ടെന്ന് ബോധ്യമാകും. സ്വന്തം ജീവിതത്തെയും ജീവിതദുരിതങ്ങളേയും തന്റേത് മാത്രമായ ചിരി കൊണ്ട് ബഷീർ എമ്പാടും കുടഞ്ഞിട്ട രചനയാണ് പാത്തുമ്മായുടെ ആട്.



ശ്രീ ലക്ഷ്മി.എം
9.എ

# ആകാശവർണ്ണങ്ങൾ

ചില നേരം വർണ്ണ പുസ്തകത്തിലെ
ഓമന ചെറുതാളായി മാറുന്നു
കരിപുരണ്ടോടുന്ന പ്രാവുകൾ
കണ്ണീർ പൊഴിച്ച് പുതു പച്ചക്ക്
ജീവൻ നൽകുന്ന താഴെയാണു കടലെന്നു
മാന്യർ മുകളിലാണ് ആഴക്കടലെന്നു കവികൾ
നാവിൽ കുതിരും പഞ്ഞിമിഠായി
സൂര്യൻ ഒളിയും മതിൽകെട്ട്
ചിത്രം വരക്കുന്ന കൊച്ചുമേഘം, ചിത്ര-
കാരനാവുന്നു പലസമയം
സൂര്യനും താരവും അമ്പിളിയും വസിക്കും
ഇടി മിന്നൽ കോപം കൊണ്ടാടുന്ന
യുദ്ധഭൂമി ആകാശമാവുന്ന വർണ്ണപുസ്തകം.



മീനാക്ഷി വി
9.ബി

# കുഞ്ഞനുള്ളിയുടെ തിരിച്ചറിവ്

**അ**യ്യോ മലകളും കുന്നുകളും പറക്കുന്നേ!ചാക്കിനുള്ളിൽ നിന്നും ദ്വാരത്തിലൂടെ നോക്കുമ്പോൾ കണ്ട കാഴ്ച എന്നെ അത്ഭുതപ്പെടുത്തിയെങ്കിലും എന്നെ ഒരു ലോറി വഹിച്ചുകൊണ്ടു പോവുകയാണെന്നും മലകൾ പറക്കുന്നതല്ലെന്നും ഞാൻ മനസ്സിലാക്കി. മധ്യപ്രദേശിൽ നിന്നും യാത്ര തുടങ്ങിയതാണ്. അങ്ങനെ കുറേ നേരത്തെ യാത്രയ്ക്കുശേഷം എന്നെയും എന്റെ കൂട്ടരുമടങ്ങുന്ന ചാക്കുകൾ ഒരു പച്ചക്കറി മാർക്കറ്റിൽ കൊടുത്തു. എന്നാൽ അവിടെ നിന്നും യാത്ര അവസാനിച്ചില്ല.അവിടന്ന് ഒരു പെട്ടിവണ്ടിയിലേക്ക് എന്നെ കയറ്റി മധ്യപ്രദേശിൽ നിന്നും വ്യത്യസ്തവും മനോഹരവുമാണ് കേരളത്തിലെ കാഴ്ച്ച.കുറ്റൻ കെട്ടിടങ്ങൾ ഒഴിച്ചാൽ പാടവും തെങ്ങിൻതോപ്പും എന്ത് മനോഹരമാണ്. അങ്ങനെ കുറേനേരം യാത്ര ചെയ്ത് പെട്ടിവണ്ടി ഒരു ഗ്രാമത്തിലെത്തി. യാത്ര കുറച്ചൊക്കെ എന്നെ മടുപ്പിച്ചെങ്കിലും ഇടയ്ക്ക് പച്ചക്കറി വണ്ടിക്കാരൻ ഉള്ളീ...സവോള.. എന്ന് വിളിച്ച് പറയുമ്പാൾ എന്റെ വില എന്റെ വിപണി വിലയേക്കാൾ കൂടുതലായി എനിക്കുതോന്നി. പക്ഷെ ആ സന്തോഷം നീണ്ടുനിന്നില്ല. എന്റെ കൂട്ടുകാർ ഓരോരുത്തരെയായി ഒരോ വീടുകളിലെ വീട്ടമ്മമാർ ദ

ത്തെടുത്തു. പക്ഷെ ഞാൻ ദത്തെടുക്കപ്പെട്ടില്ല. വണ്ടിയങ്ങനെ ഒരു ടൗണിലെത്തി പെട്ടെന്ന് വണ്ടിയൊരു കുഴിയിൽ ചാടുകയും ഞാൻ ഉരുണ്ടു വീഴുകയും ചെയ്തു ഹോ ഇനി മണ്ണിലേക്ക് എന്ന് ആശ്വസിച്ചപ്പോഴേക്കും ഒരു ലോറിയുടെ ചക്രങ്ങൾ എന്നെ ചതച്ചിരുന്നു. എന്തെന്നാൽ തന്നെ വേദനിപ്പിച്ചു എന്ന് കരുതി മറ്റുള്ളവരെ കരയിപ്പിക്കുന്നതാണ് എന്റെ വർഗ്ഗം. എന്നാൽ അങ്ങനെ വേദനിപ്പിക്കുന്നവന്റെ ജീവിതം ഇതുപോലെ ഒരു ചക്രം മതി മരണവിധിയെഴുതാൻ.



അൽന പി യു
9.ബി

# നന്മമരം

വേനലിൽ വാടാൻ പോകുന്ന ചെടികൾക്ക്
സൗഹൃദം എന്ന പേരിൽ
അടുത്തൊരുമരമുണ്ട് കാറ്റിൽ ശൃംഗാരം
ചേർത്ത് പരിപാലിച്ച്
കാലനെ രൗദ്രമായി
അകറ്റിപരിഹസിച്ചും താൻപാതി
ബാഹുല്യം പകർന്ന്
തോഴനായ് അവതാരം
ചേർന്ന് നിൻ തണലായി



അഫ്രിൻ ഫാത്തിമ ജെ
9.ബി

# ഓണം, ഒരനുഭവക്കുറിപ്പ്

ഓണപരീക്ഷയുടെ അവസാനദിനമാണിന്ന്. അതിനാൽ എല്ലാവരുടേയും മുഖത്തും ആ സന്തോഷം കാണാം. നാളെയാണ് സ്കൂളിലെ ഓണാഘോഷ പരിപാടി. കൂട്ടുകാരുമായി നാളെ രാവിലെത്തന്നെ പല നിറത്തിലുള്ള പൂക്കൾ പറിക്കാൻ പോവണം. അതുകഴിഞ്ഞാൽ എന്റെ ഓണക്കോടിയുമണിഞ്ഞ് സ്കൂളിലെത്തണം. ക്ലാസ്സിൽ പൂക്കളമിട്ടു കഴിഞ്ഞാൽ പിന്നെ മനസ്സാകെ സന്തോഷമാണ്. അതുകഴിഞ്ഞാൽ നല്ലൊരു സദ്യയും കൂടെയൊരു പായസം കുടിയുണ്ട്, ഓർക്കുമ്പോൾ തന്നെ കൊതിയാവുന്നു. അതിനുശേഷം കുട്ടികളുടെ പലവിധ കലാപരിപാടികളുണ്ടാകും. അതിൽ ഉറിയടിമത്സരം, പുലിക്കളി, വടംവലി, ചാക്കുചാട്ടം, മ്യൂസിക്ക് ചെയർ, നാരങ്ങയും സ്പൂണും എന്നീ കളികളും ഉണ്ടായിരുന്നു. ഓണാഘോഷമെല്ലാം കഴിഞ്ഞാൽ പിന്നെ മത്സരത്തിനു ലഭിച്ച സമ്മാനങ്ങൾ കൂട്ടുകാരെയെല്ലാമൊന്ന് ഗമയോടെ കാണിക്കണം. ആ ഒരു സന്തോഷം എന്നുമൊരു ഓർമ്മതന്നെയാണ്. സ്കൂളിലെ ആഘോഷങ്ങൾ കഴിഞ്ഞ് വീട്ടിലെത്തിയാൽ പിന്നെ വീട്ടിലെ ആഘോഷങ്ങൾക്ക് തുടക്കം കുറിക്കും അത് സ്കൂൾ തുറക്കുന്നതുവരെ തുടരും.



ശ്രീഷ എസ്
8.ഇ

# ജീവിത വിജയം

വിവേകവും ആത്മസംയനവും ഇല്ലാത്തവർ അതിവേഗം തെറ്റുകളിലേക്ക് വഴുതി വീഴും. അവരുടെ നാശത്തിന് പിന്നെ അധിക സമയം വേണ്ടിവരില്ല. മനുഷ്യന് ആവശ്യം വേണ്ട ഗുണങ്ങളാണ് വിവേകവും ആത്മസംയമനവും. ഒരു പക്ഷേ നമ്മുടെ ജീവിതത്തിൽ പല പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുന്നതിന് കാരണം വിവേകപൂർണമായ പെരുമാറ്റത്തിന്റെയും ആത്മസംയമനത്തിന്റെയും അഭാവമായിരിക്കാം. വിവേകം മനുഷ്യനെ ശരിയായ തീരുമാനങ്ങളിലേക്ക് നയിക്കുമെങ്കിൽ, ആത്മസംയമനം തെറ്റായ തീരുമാനങ്ങളിൽ നിന്ന് അകറ്റി നിർത്തും. അതുകൊണ്ട് ജീവിത വിജയം നേടാൻ വിവേകവും ആത്മസംയമനവും അത്യാവശ്യമാകുന്നു.

"ആത്മനിയന്ത്രണമില്ലാത്ത മനുഷ്യൻ കോട്ടകളില്ലാത്ത നഗരംപോലെയാണ്."    (സുഭാഷിതങ്ങൾ25/28)



സി. ജെയ്സി
[എച്ച് എസ് ടി ഇംഗ്ലീഷ്]

# മോഹം

അമ്മ തന്നമ്മയായ് വീണ്ടും വിടരുവാൻ
അമ്മ തൻ കൊഞ്ചൽ വീണ്ടും കേൾക്കുവാൻ
അച്ഛന്റെ ഓമനമുത്തായ് വിളങ്ങുവാൻ
ആയിരം കഥകൾ തൻ ചെപ്പു തുറക്കുവാൻ
മുത്തശ്ശി തൻ മാറോട്ടു ചേർന്നൊന്നിരിക്കുവാൻ
കുഞ്ഞനുജത്തിയെ തൊട്ടു തലോടുവാൻ
പാടവരമ്പിൽ ഓടിനടക്കുവാൻ
പാടത്തെ തവളയെ കണ്ടു പേടിക്കുവാൻ
ആകാംക്ഷകൊണ്ടൊന്നു പള്ളിക്കൂടത്തിലെ
ക്ലാസ്സ് മുറിക്കെത്തുവാൻ
ആദ്യമായ് കിട്ടിയ കൂട്ടുകാരിക്കൊപ്പം
സൗഹൃദം പങ്കിടാൻ
ഒരിക്കൽക്കൂടിയൊരു കുഞ്ഞി കിടാവായി
പൊട്ടിച്ചിരിക്കുവാൻ മോഹം
ഒത്തിരി ദൂരം നടന്നു കഴിഞ്ഞനാൾ
ഒരുവട്ടമെങ്കിലും പുറകോട്ടുപോകുവാൻ
ആർത്തുല്ലസിച്ചിടാൻ ഒത്തിരി മോഹം



അനശ്വര എം
9.ഇ

# ഖസാക്കിന്റെ ഇതിഹാസം- വായനാക്കുറിപ്പ്

ഒ.വി വിജയന്റെ വളരെ പ്രസിദ്ധമായ നോവലാണ് "ഖസാക്കിന്റെ ഇതിഹാസം". ഈ നോവലിലെ കേന്ദ്രകഥാപാത്രമാണ് രവി എന്ന അന്യ നാട്ടുകാരൻ. ഖസാക്കിലേക്ക് അധ്യാപകനായി ജോലി ചെയ്യാൻ വന്നതാണ് രവി. ഖസാക്കിൽ വിദ്യാലയങ്ങളൊന്നുമില്ല. വിദ്യാഭ്യാസവുമില്ല. ആ നാട്ടിൽ ആരംഭിച്ച ഏകാധ്യാപക വിദ്യാലയം പ്രസിദ്ധമായിരുന്നു. ഇതിൽ രവിയുടെ ജീവിതം മാത്രമല്ല, അള്ളാപ്പിച്ചമൊല്ലാക്കയുടെയും, കാളിയുടെയും, അപ്പുക്കിളിയുടെയും, നീലിയുടെയും, മൈമൂനയുടെയും, നൈസാമലിയുടെയും അങ്ങനെ നിരവധി പേരുടെയും കഥയാണ്. ഒരു നാടിന്റെ തന്നെ കഥയാണ്. കഴിഞ്ഞ അര നൂറ്റാണ്ടു കാലത്ത് മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള സർഗ സാഹിത്യകൃതികളിൽ ഏറ്റവും ഉജ്ജ്വലമെന്നു വിശേഷിപ്പിക്കാവുന്ന ഒരു കൃതി തന്നെയാണ് ഖസാക്കിന്റെ ഇതിഹാസം. മലയാള സാഹിത്യ ചരിത്രത്തിൽ തന്നെ ഒരു പ്രകാശഗോപുരമായി ഈ നോവൽ നിലനിൽക്കുന്നു. വായനക്കാരെ വികാരനിർഭരരാക്കാൻ കഴിയുന്നു എന്നതാണ് ഈ കൃതിയുടെ മറ്റൊരു സവിശേഷത. ചിരിക്കാനും, കരയാനും, ദേഷ്യം തോന്നാനുമുള്ള സന്ദർഭങ്ങളിലൂടെയെല്ലാം വായനക്കാരെ കൈപിടിച്ച് നടത്തി

ച്ച് കഥാപാത്രങ്ങളിലൊരാളായി ജീവിക്കാനും ചിന്തിക്കാനുമുള്ള അവസരം ഈ കൃതിയിലൂടെ ലഭ്യമാകുന്നു. കൂമൻ കാവിൽ വന്നിറങ്ങിയ രവിയുടെ ജീവിതം അവസാനിക്കുന്നതും അതേ കൂമൻകാവ് ബസ്സ് സ്റ്റോപ്പിൽ വച്ച് തന്നെയാണ്. രവി എന്ന അധ്യാപകന്റെ ജീവിതം കാലവർഷത്തിന്റെ വെളുത്ത മഴയെ സാക്ഷിയാക്കി അവസാനിക്കുന്നു. മലയാളഭാഷയ്ക്ക് പുതിയ ചലനങ്ങൾ നൽകിയ ഒ വി വിജയന്റെ ഖസാക്കിന്റെ ഇതിഹാസം,ഒരു നാടിന്റെ തന്റെ ചരിത്രമായി എന്നും
അവശേഷിക്കുന്നു.



**അനുശ്രീ വി**
**10.ബി**

# നമ്മുടെ കേരളം

ഇന്ത്യയിലെ ഏറ്റവും സുന്ദരമായ സംസ്ഥാനങ്ങളിലൊന്നാണ് നമ്മുടെ കേരളം. മലനിരകൾ നിറഞ്ഞ ഭൂപ്രകൃതിയാണ് കേരളത്തിനുള്ള സുഖശീതളമായ കാലാവസ്ഥ പ്രകൃതി വിഭവങ്ങളുടെ ധാരാളിത്തം വ്യത്യസ്തവും മനോഹരവുമായ ദൃശ്യങ്ങൾ, ഇവയൊക്കെ കൊണ്ടാണ് ദൈവത്തിന്റെ സ്വന്തം നാട് എന്ന് കേരളത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ഭരണ സൗകര്യത്തിനായി കേരളത്തെ 14 ജില്ലകളായി തിരിച്ചിട്ടുണ്ട്. 44 നദികളും 34 കായലുകളും കൂടി ചേരുമ്പോൾ നമ്മുടെ സംസ്ഥാനം ജലസമ്പത്തിന്റെ കാര്യത്തിൽ വളരെ സമ്പന്നമാണ്. മഹത്തായ സാംസ്കാരിക പാരമ്പര്യമുള്ള നാടാണ് കേരളം. ധാരാളം ഉത്സവവും ആഘോഷങ്ങളും കലകളും നിറഞ്ഞതാണ് നമ്മുടെ കേരളം. നിരവധി എഴുത്തുകാർക്കും കലാകാരന്മാർക്കും ജന്മം നൽകിയ ഭൂമി. കേരളത്തിലെ പ്രകൃതിയുടെ വിശേഷപ്പെട്ട അലങ്കാരങ്ങളാണ് തേക്കടി തടാകങ്ങളും, കോവളം കടൽത്തീരങ്ങളും കൊച്ചി തുറമുഖങ്ങളും പിന്നെ കടലിനോട് മുട്ടി കിടക്കുന്നതി വിശാലമായ വേമ്പനാട്ടുകായലും. നമ്മുടെ കൊച്ചു കേരളത്തിന്റെ ഔദ്യോഗിക ഭാഷ മലയാളവും, ദേശീയ വൃക്ഷം തെങ്ങും, മൃഗം ആനയും, പുഷ്പം കണിക്കൊന്നയും, മത്സ്യം കരിമീനും, പാനീയം ഇളനീരും, ഉത്സവം ഓണവും, പക്ഷി

മലമുഴക്കി വേഴാമ്പലുമാണ്. വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കൊച്ചു കേരളം ഇന്ത്യയിൽ ഇരുപത്തി മൂന്നാം സ്ഥാനമാണ് അലങ്കരിക്കുന്നത്. എങ്കിലും മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് പല തരത്തിലുള്ള വൈവിധ്യങ്ങൾ കേരളത്തിൽ കാണാൻ സാധിക്കും. "ദൈവത്തിന്റെ സ്വന്തം എന്ന വിശേഷണം നമ്മുടെ കൊച്ചു കേരളത്തിന് നഷ്ടപ്പെടാൻ ഇടയാകരുത് എന്ന് നമുക്ക് പ്രാർഥിക്കാം.

കേര നിരകൾ ആടും
ഒരു ഹരിത ചാരു തീരം
പുഴയോരം കള മേളം
കവിത പാടും തീരം
കായൽ അലകൾ പുൽകും
തണവലിയുമീറൻ കാറ്റിൽ
ഇടയാറിൻ ഇലയാടും
കുളിരുലാവും നാട്.......!



ആതിര ആർ
8.ഡി

# ബാന്റഡ് സെറ്റ്





# ആഗ്രഹങ്ങൾക്കായ് ഞാൻ

അന്ധത മൂടിയ ഉൾക്കാഴ്ച തന്നിലെ
ആഗ്രഹം പാതിയായ് നിന്നുപോയോ?
കഷ്ടത നിറഞ്ഞൊരു പാതയിലൂടെ
ഞാൻ എന്നും ഒരാളായ് സഞ്ചരിപ്പൂ
വേദനകൾക്കുമൊരു കാലമുണ്ടെന്നത്
അന്നേ ഞാൻ അറിഞ്ഞിരുന്നു
പാതകൾ നേർവഴിക്കൊന്നുമല്ലെങ്കിലും
എങ്ങും പ്രലോഭനങ്ങൾ അങ്ങനെ
ആളി എരിയുന്ന തിരിയെ ഞാൻ നോക്കി നിന്നു
എങ്കിലും അവ  അണയുന്ന നേരത്ത്
പ്രകാശത്തിനായ് ഞാൻ ഉറ്റുനോക്കി
പിന്തുടരുന്നതാരെ എന്നു ഞാൻ പിന്നെയും
പിന്നെയും ഉറ്റുനോക്കി
അന്ധത മൂടിയ ഉൾക്കാഴ്ച്ച തന്നിലെ
ആഗ്രഹം പാതിയായ് നിന്നുപോയോ



ലിയ ബിനോയ്
9.ഇ

# ചന്ദ്രയാൻ–3

ഇന്ത്യയുടെ മൂന്നാമത്തെ ചാന്ദ്ര ദൗത്യമാണ് ചന്ദ്രയാൻ 3. 2023 ആഗസ്റ്റ് 23 ന് ചന്ദ്രയാൻ, ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡിംഗ് വിജയകരമായി പൂർത്തിയാക്കി ചന്ദ്രയാൻ 3 ചരിത്രം സൃഷ്ടിച്ചു. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങിയ ആദ്യരാജ്യമായി ഇന്ത്യ മാറി.

ചന്ദ്രയാൻ 3 മിഷന്റെ ലാൻഡറിന് വിക്രം എന്നും റോവറിന് പ്രഗ്യാൻ എന്നും പേരുണ്ട്. ചന്ദ്രയാൻ3 ദൗത്യം 2023 ജൂലൈ 14 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ [ എസ്.ഡി.എസ്.ഡി ] നിന്ന് പുറപ്പെട്ടു. ആഗസ്റ്റ് 15 ന് ദൗത്യം ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിച്ചു. ചന്ദ്രയാൻ 3ന് നാല് സോളാർ പാനലുകളാണ് ഉള്ളത്. അങ്ങനെ അമേരിക്കയ്ക്കും സോവിയറ്റ് യൂണിയനും ചൈനക്കും പിന്നാലെ ചന്ദ്രനിൽ ഒരു പേടകത്തെ ഇറക്കുന്ന നാലാമത്തെ രാജ്യമായി മാറി ഇന്ത്യ.



അഫീഫ എം
8.സി

# കാലങ്ങൾ പോയ്മറയുമ്പോൾ

പെയ്തിറങ്ങുവിൻ പെയ്തിറങ്ങുവിൻ
വരൾച്ചയെ തടയാൻ പെയ്തിറങ്ങുവിൻ
ചൂടായ ചീനച്ചട്ടിപോൽ പൊള്ളുന്ന
സൂര്യകിരണത്തെ തണുപ്പിക്കുവാൻ
മരങ്ങൾ നട്ടു പിടിപ്പിക്കുവിൻ
വൃക്ഷങ്ങൾ വളരാൻ സഹായിക്കുവിൻ
അങ്ങകലെ മലയുടെ താഴെ
പാടങ്ങൾ വെള്ളം കൊണ്ടോയി
വീട്ടിലും കണ്ടപ്പൊ അമ്മച്ചി-
കിടക്കുന്നു താഴെ
കട്ടിലും മുങ്ങി പുരയും മുങ്ങി
ഹാ! എന്നാലുമിങ്ങനെ സ്വപ്നങ്ങളിൽ
ഇന്നൊന്ന് അടിച്ച് തീരുമോ മോളെ,
എന്റമ്മേ കാറ്റ് കൊണ്ട് പോണ
കൊണ്ടുപോയത് വീണ്ടുമടി
എനിക്കൊന്നും പറ്റില്ല നിങ്ങളടിച്ചോ
എന്നിട്ടു കാണാം പറന്നുപോക്ക്
അടിച്ച് അടിച്ച് ഇവിടെ നിന്നോ
ചോറും കറിയും ഉണ്ടാക്കണ്ട..



ആതിര യു
8.ഡി

# ഭൂമിയുടെ അവകാശികൾ- വായനാക്കുറിപ്പ്

മലയാള സാഹിത്യത്തിലെ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ മനോഹരമായ രചനയാണ് ഭൂമിയുടെ അവകാശികൾ. മനുഷ്യരെ പോലെ തന്നെ മറ്റു ജീവജാലങ്ങൾക്കും ഈ ഭൂമിയിലും ഇവിടുത്തെ വിഭവങ്ങളിലും അവകാശമുണ്ടെന്ന് സമർഥിക്കുകയാണ് ഈ കഥയിലൂടെ ബഷീർ ചെയ്യുന്നത്. എല്ലാ രചനകളെയും പോലെ തന്നെ വളരെ ലളിതമായി, നർമ്മബോധത്തോടെ എല്ലാവർക്കും രസിക്കുന്ന രീതിയിലാണ് ഇതിന്റെ അവതരണം. കാലത്തിനു മുമ്പേ ബഷീർ എന്ന എഴുത്തുകാരൻ സഞ്ചരിച്ചിരുന്നു എന്നതിന് ഉത്തമോദാഹരണമാണ് കാലത്തിനൊപ്പം സഞ്ചരിക്കുന്ന അദ്ദേഹത്തിന്റെ ഈ ചെറുകഥ. താൻ വിലകൊടുത്തു വാങ്ങിയ തനിക്കു മാത്രം അവകാശമുള്ള പുരയിടത്തിൽ അനുവാദം കൂടാതെ കടന്നു വരുന്ന പക്ഷികൾ, ചിത്രശലഭങ്ങൾ, പാമ്പ്, പഴുതാര, എലി, ഉറുമ്പ് തുടങ്ങിയ ജീവികളെ കൊല്ലാനോ ആട്ടി പായിക്കാനോ നിൽക്കാത്ത ഗൃഹനാഥനും, അവയെ തുരത്തി ഓടിക്കാൻ അയാളുടെ ഭാര്യ നടത്തുന്ന ശ്രമങ്ങളുമാണ് ഈ കഥയിൽ നമുക്ക് കാണാൻ കഴിയു

ന്നത്. തൊടിയിലെ ചക്കയും പേരക്കയും, അണ്ണാനും കാക്കയും തിന്നുപോകുന്നുവെന്ന് ഭാര്യ പരാതി പറയു മ്പോൾ പ്രകൃതി വിഭവങ്ങൾ മനുഷ്യന് മാത്രം കൈയട ക്കി വയ്ക്കാനുള്ളതല്ല മറിച്ച് ഭൂമിയിലെ ഉൽപ്പന്നങ്ങളുടെ എ ല്ലാം അവകാശികൾ മൃഗങ്ങളും പക്ഷികളും കൂടിയാണെ ന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. തന്റെ ജീവിത സ്വൈ ര്യം നശിപ്പിക്കാൻ വന്ന ജീവികളെ ഹിംസിക്കാനും,തന്റെ കുടുംബം മാത്രമാണ് പ്രപഞ്ചം എന്ന വിചാരത്തിലേക്ക് ചെറുതാക്കാനും ഗൃഹനാഥൻ തയ്യാറാകുന്നില്ല. .നാം ചെ യ്യുന്ന ക്രൂരതകൾ ചൂണ്ടിക്കാണിച്ച് നമ്മെ നല്ല രീതിയിലെ ത്തിക്കാൻ ഈ നോവലിന് സാധിച്ചു.



കൃപാലിനി എസ്
10.ഇ

# വരകൾ....വർണ്ണങ്ങൾ...









# "ദി ആൽകെമിസ്റ്റ്"-നിരൂപണം

മൂന്നു പതിറ്റാണ്ടുകളിലായി ഏറെ ചർച്ചചെയ്യപ്പെട്ട നോവലാണ് ബ്രസീലുകാരനായ പൗലോ കൊയ്‌ലോ രചിച്ച "ദി ആൽകെമിസ്റ്റ്". 67 ഭാഷകളിലായി ആറരക്കോടി കോപ്പികൾ വിറ്റഴിഞ്ഞ ഈ ഗ്രന്ഥം, ഒരു നോവൽ എന്നതിലേറെ പ്രചോദനാത്മക ഗ്രന്ഥം എന്ന പേരിലാണ് അറിയപ്പെടുന്നത്.തീവ്രമായി ആഗ്രഹിക്കുന്ന കാര്യത്തിനായി ഇറങ്ങി പുറപ്പെട്ടാൽ പ്രപഞ്ചം പോലും സ്വപ്നസാക്ഷാത്കാരത്തിനായി നിങ്ങളോടൊപ്പം ഉണ്ടാകും എന്ന മൂല്യ ആശയത്തിലൂടെയാണ് ഈ നോവൽ വികസിക്കുന്നത്.

എട്ടാം ക്ലാസ്സിലെ കേരളപാഠാവലിയിലെ ഈ നോവലിലുള്ള ചെറിയൊരു പാഠഭാഗമാണ് എന്നെ ഈ നോവൽ വായിക്കാൻ പ്രേരിപ്പിച്ചത്. സാന്റിയാഗോ എന്ന ഇടയബാലന് ഈജിപ്തിലെ പിരമിഡുകളിൽ കിടക്കുന്ന നിധിയെക്കുറിച്ച് സ്വപ്നം കാണുകയും അതിനെ കണ്ടു പിടിക്കാനായി ഇറങ്ങിത്തിരിക്കുകയും തുടർന്നുള്ള സംഭങ്ങളാണ് കഥയുടെ ഇതിവൃത്തം. മാന്ത്രിക കല്ലുകളും രത്നങ്ങളും ഉപദേശങ്ങളും വാഗ്ദാനം ചെയ്യുന്ന ഒരു രാജാവിനെ കണ്ടു മുട്ടിയ ശേഷം അവൻ യാത്ര ആരംഭിക്കുന്നു. സാന്റിയാഗോ മെഡിറ്ററേനിയനും സഹാറയും കടന്ന് ഈജിപ്തിലെ തന്റെ നിധികൾ കണ്ടെത്തുകയും ജീവിതത്തിന്റെ ലക്ഷ്യം നിറവേറ്റുകയും ചെയ്യുന്നു.അവൻ യാത്രകളുടെ സ്വപ്നത്തിൽ

നടക്കുമ്പോൾ അനുഭവിക്കുന്ന വിവിധ കണ്ടുമുട്ടലുകളെക്കുറിച്ചും പുസ്തകം വിവരിക്കുന്നു.യാത്രയിൽ ഉടനീളം സാന്റിയാഗോ നിരവധി പുതിയ ആളുകളെയും ഒരുപാട് ബുദ്ധിമുട്ടുകളെയും നേരിടുന്നു.

'ദി ആൽക്കമിസ്റ്റ്' ഒരു അതിശയകരമായ പുസ്തകമാണ്. കഥപറച്ചിൽ മനോഹരമാണ്. ജ്ഞാനവും തത്ത്വചിന്തയും നിറഞ്ഞതാണ്. ഞാൻ അത് പൂർണ്ണമായും ഇഷ്ടപ്പെട്ടു. കഥ വളരെ ആകർഷകവും ശുഭാപ്തി വിശ്വാസം കൊണ്ട് പൊട്ടിത്തെറിക്കുന്നതുമാണ്; അത് നമ്മുടെ ജീവിതത്തിൽ വളരെ പ്രധാനമാണെന്ന് ഞാൻ കരുതുന്നു. നിങ്ങളുടെ വിധിയിലേക്കുള്ള യാത്രയും വിധിപോലെത്തന്നെ പ്രധാനമാണെന്ന് പുസ്തകം ഊന്നിപ്പറയുന്നു.ഈ പുസ്തകം എല്ലാവരെയും ആകർഷിക്കുമെന്ന് ഞാൻ കരുതുന്നു. കാരണം, നമുക്കെല്ലാവർക്കും സ്വപ്നങ്ങളുണ്ട്, ഈ പുസ്തകം നമ്മെ അതിലേക്ക് കൂടുതൽ അടുപ്പിക്കുകയും വഴിനടത്തുകയും ചെയ്യുന്നു. 'ദി ആൽക്കമിസ്റ്റ്' വളരെ ആവേശകരമായ ഒരു ഫിക്ഷൻ നോവലാണ് അത് എല്ലാവരുടെയും ബുക്ക്ഷെൽഫിൽ ഇടം അർഹിക്കുന്നു.



ദിയ നസ്റിൻ
10.സി

# കേരളത്തിന്റെ സ്വപ്നം

പഴശ്ശിരാമന്റെ പാടത്ത്
മഴയുടെ ഗന്ധം പടരുന്നു
പാൽക്കടവിന്റെ തലയിലേക്ക്
സൂര്യൻ ചിരിയ്ക്കുന്നു

മണ്ണിന്റെ മനസ്സിൽ
പച്ചപ്പിന്റെ കാവ്യങ്ങൾ
മുളങ്കാടുകൾ
സംഗീതത്തിൽ പാടുന്നു

ആനവീശി തൻ താളത്തിൽ
ഇടതൂർന്നുള്ള കാടുകൾ
ആനന്ദത്തിൻ പ്രണയത്തിൽ
പുതിയ പുത്തൻ വിശേഷങ്ങൾ

ചെമ്പരത്തി ചായം ചേർന്ന
സന്ധ്യയുടെ നെറുകയിൽ
കേരളത്തിന്റെ സ്വപ്നങ്ങൾ
പൂത്തുലയുന്ന നാളുകൾ



വൈഗ ആർ
8.ബി

# പ്രകൃതി എന്ന അത്ഭുതം

ചുറ്റുമുള്ള പ്രകൃതിയെ ഞാൻ കാണുന്നു, സൂര്യനും കടലും തിളങ്ങുന്നു. തിളങ്ങുന്ന ചന്ദ്രനെ ഞാൻ സ്നേഹിക്കുന്നു. പൂക്കൾ പൂത്തുലയുന്നു. ഞാൻ അവരുടെ ഇതളുകളിൽ സ്പർശിക്കുന്നു. കടലിനകത്ത് മത്സ്യങ്ങളുടെ ഭവനമായ പവിഴപ്പുറ്റുകളെ ഞാൻ കാണുന്നു. ഒരു കൂട്ടം പക്ഷികൾ ആകാശത്ത് പറക്കുന്നത് ഞാൻ കാണുന്നു. ഞാൻ ആകാശത്ത് പറക്കാൻ ആഗ്രഹിക്കുന്നു, ഞാൻ ആകാശത്തേക്ക് നോക്കുന്നു. ഞാൻ സൂര്യനേയും ചന്ദ്രനേയും ഉറ്റുനോക്കുന്ന വെള്ളച്ചാട്ടങ്ങൾ പറയുന്നു ഏറ്റവും മികച്ചതാണ് നമ്മുടെ ഭൂമിയെന്ന്.



ശ്രേയ. ആർ
8.ഇ

# അഭിമാനപൂർവ്വം.....









# നിറം മങ്ങാത്ത ബൾബുകൾ

ഗ്രാമത്തിലെ പലചരക്ക് കച്ചവടക്കാരന്റെ കടയിലെ ബൾബുകൾ നല്ല പ്രകാശമുള്ളവയായിരുന്നു. ഒരു ദിവസം സാധനം വാങ്ങാനെത്തിയ ഒരാൾ ചോദിച്ചു. ഏതു കമ്പനിയുടെ ബൾബാണ് നിങ്ങൾ ഉപയോഗിക്കുന്നത്. ഒരിക്കലും പ്രകാശം കുറഞ്ഞതായി കണ്ടിട്ടില്ലല്ലോ.എന്റെ കടയിലെ ബൾബുകൾ വല്ലപ്പോഴുമൊക്കെ ഫ്യൂസാവുകയും മങ്ങുകയും ഒക്കെ ചെയ്യാറുണ്ട്. പക്ഷേ അവ കൃത്യമായി മാറ്റിയിടുന്നതുകൊണ്ടാണ് എപ്പോഴും നന്നായി പ്രകാശിക്കുന്നതെന്നായിരുന്നു കച്ചവടക്കാരന്റെ മറുപടി.

നമ്മുടെ ജീവിതവും ഇങ്ങനെത്തന്നെയാണ്.ചിലർ ഫ്യൂസായതും മറ്റു ചിലർ നന്നായി പ്രകാശിക്കുന്ന ബൾബുകളാണ്. പ്രശ്നങ്ങളിലേക്കും പ്രതിസന്ധികളിലേക്കും നോക്കി ആകുലപ്പെടാതെ അവ ജീവിതത്തിന്റെ ഭാഗമാണെന്നുള്ള തിരിച്ചറിവോടെ സ്വീകരിക്കാൻ കഴിഞ്ഞാലെ എപ്പോഴും നിറം മങ്ങാതെ പ്രകാശിക്കുന്ന ബൾകുകളെപ്പോലെ ജീവിതം പ്രകാശമാനമാവുകയുള്ളു.



ശ്രേയ എസ്
8.ഇ

# നാവു കുഴയുന്ന ചില വാക്യങ്ങൾ

1. പത്തു തത്ത ചത്തു ചത്ത തത്ത പച്ച
2. ഉഷേ, യുഷസിലുഷാറോട്ടുണരണം
3. സൈക്കിൾ റാലി പോലൊരു ലോറി റാലി
4. കളകളമിളകുമൊരരുവിയലകലിലൊരു കുളിരൊരുപുളകം
5. 8 വട്ടതല വളവിലൊരൊതളമരത്തിൽ പത്തിരുപത്തഞ്ചൊതളങ്ങ
6. ചരലുരുളുമ്പോൾ മണലുരുളൂല മണലുരുളുമ്പോൾ ചരലുരുളൂല
7. അരയിലെയുറിയിൽ ഉരിതൈര്
8. രാമമൂർത്തിയുടെ മൂത്ത പുത്രൻ കൃഷ്ണമൂർത്തി
9. ത്രിവിക്രമന്റെ അതിക്രമങ്ങൾ
10. ധ്രിഷ്ടദ്യുമ്നനും ധ്രുതരാഷ്ട്രരും
11. അരുതരുത് കുതിരേ മുതിരരുത് കുതിരേ അതിരിലെ മുതിര തിന്നാൻ മുതിരരുത് കുതിരേ



അനുശ്രീ ബി
9.ഇ

# ചന്ദ്രൻ

പ്രകാശത്തെ തള്ളിനീക്കി
ഇരുട്ട് പരത്തുന്ന ചന്ദ്രൻ
രാത്രിയാമങ്ങളിൽ നിലാവിൽ
കുളിച്ചു നിന്നു ശോഭ
പരത്തുന്ന ചന്ദ്രൻ
പ്രകൃതിയും പുഷ്പങ്ങളും
മയങ്ങുന്ന നേരം
കമിതാക്കളിൽ സ്വപ്നങ്ങൾ
പൂവിടുന്ന നേരം
എന്തു ഭംഗി താരങ്ങളെ നോക്കി
ഒളിച്ചു നിൽക്കുന്ന
ചന്ദ്രനെ കാണാൻ



റിസ ഫാത്തിമ
9.ഇ

# മുത്തശ്ശി

എന്തിനോ വേണ്ടി പായുന്ന വാഹനങ്ങൾ. മലിനം ആയിക്കൊണ്ടിരിക്കുന്ന ഭൂമി. പുകതുപ്പുന്ന പുകക്കുഴലുകൾ. മനുഷ്യർ തന്റെ ഭൂതകാലത്തെ മറക്കുന്ന കാലഘട്ടം. പച്ചപ്പ് നിറഞ്ഞ ഭൂമിയിൽ പൂക്കളുടെ സുഗന്ധം പരക്കുന്നു, കിളികളുടെ കൊഞ്ചൽ, മൃഗങ്ങളും മനുഷ്യരും ആസ്വദിക്കുന്നു. കാലാവസ്ഥ മനുഷ്യർക്ക് അനുകൂലമാകുന്നു. ഭൂമിയെ സ്നേഹിക്കുന്ന മനുഷ്യർ. ഒരിക്കലും തിരികെപോകാൻ കഴിയാത്ത ഭൂതകാലത്തിന്റെ ഓർമ്മകളെ അയവറക്കി നമുക്ക് വർത്തമാനത്തിലേക്ക് തിരിച്ചുവരാം നഗരത്തിന്റെ ഒരു വക്കിൽ ഒരു പെൺകുട്ടി അവൾ ആരേയോ തിരയുകയാണ് പക്ഷേ അവളുടെ കണ്ണിൽ കടലിരമ്പുന്നുണ്ട്. വർഷം, 2021 അവൾ അവസാനമായി മുത്തശ്ശിയെ കാണാനെത്തിയത് ഒരു വൈകുന്നേരത്തായിരുന്നു. വർഷ സൂരജിന്റെയും രമ്യയുടേയും ഏക മകൾ, അവർ കാലങ്ങളായി ദില്ലിയിൽ. അതായത് ഇപ്പോഴത്തെ ഡെൽഹിയിൽ കഴിയുന്നു. സൂരജിന് ഒരു ബാങ്കിലാണ് ജോലി. അതുകൊണ്ട് സ്ഥലം മാറിപ്പോയതാണ്, രമ്യ വീട്ടമ്മയാണ് അവരുടെ സന്തുഷ്ട കുടുംബത്തിൽ പിറന്ന നിധിയാണ് വർഷ. അതുകൊണ്ട് ആ കൊച്ചുവീട്ടിൽ മുത്തശ്ശി ഒറ്റക്കാണ് സൂരജിന്റെ അമ്മ അവരുടെ ഭർത്താവ് നേരത്തേ മരിച്ചു. രണ്ടുമക്കൾ, മൂത്തമകൾ വിദേശത്താണ്. മുത്തശ്ശിയെ കാണാൻ കൊച്ചുമകൾ വരുമ്പോൾ നൽകാനുള്ള സ്നേഹം അവർ വാരി

ക്കോരി കൊടുക്കാറുണ്ട്. കഥകൾ പറഞ്ഞുകൊടുത്തും ആഹാരം ഉണ്ടാക്കിയും പേരക്കുട്ടിയെ സന്തുഷ്ടയാക്കാൻ മുത്തശ്ശി ശ്രമിക്കാറുണ്ട്. ആദ്യമൊക്കെ അവർ മാസംതോറും വരുമായിരുന്നു പിന്നീട് വർഷം തോറുമായി സമയം കിട്ടുമ്പോൾ വന്ന് നോക്കിയിട്ടു പോകും, വെറും പേരിനുമാത്രം. വർഷക്ക് മുത്തശ്ശിയെ ഏറെ ഇഷ്ടമാണ്. അവർ ഇപ്പോൾ കുറെ നാളായി മുത്തശ്ശിയെ കാണാൻ പോയിട്ട്. വർഷ സ്കൂളിൽ നിന്ന് തിരിച്ചുവരുന്നവഴി ഒരു പാവപ്പെട്ട മുത്തശ്ശിയെ കണ്ടു. പാവം അവൾക്ക് വിഷമമായി പിന്നീട് അവൾ അമ്മയോടും അച്ഛനോടും നിർബന്ധംപിടിച്ച് മുത്തശ്ശിയെ കാണാൻ പോയി. കൊച്ചുമകളെ കണ്ട സന്തോഷത്തിൽ മുത്തശ്ശിയുടെ കണ്ണ് പ്രകാശപൂരിതമായി. സന്തോഷത്തോടെ അവർ നാട്ടിൽ കഴിഞ്ഞു. ഇതുപോലെ വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്നവരെ ചേർത്തു നിർത്തേണ്ടത് നമ്മുടെ കടമയാണ്. ജോലിഭാരം ഉണ്ടെങ്കിൽ പോലും അവരെ ചേർത്തുനിർത്താനും അവരെ സ്നേഹിക്കാനും നമ്മൾ ശ്രദ്ധിക്കണം. തന്റെയെന്ന് അഭിമാനത്തോടെ പറയേണ്ടതാണ് മാതാപിതാക്കളെ. അവരെ
വലിച്ചെറിയരുത്.
ചേർത്തുപിടിക്കണം.



ശ്രദ്ധ ആർ കൃഷ്ണ
8.ഇ

# തോരാത്ത മഴ

കണ്ണിൽ കുളിർമയേകും
ജലത്തുള്ളികളായി പൊഴിയും
തോരാമഴ...
മണ്ണിൽ നിന്ന് പൊങ്ങിവരും
പുതുമണം....
മുറ്റമാകെ സാഗരം പോൽ
ഒഴുക്കീടാം കളിവഞ്ചികൾ
കേൾക്കുന്ന തവളതൻ കരച്ചിൽ
പോക്രോം പോക്രോം കാതുകളിൽ
നിറയുന്ന ജലസ്രോതസ്സുകളാം
ജീവന്റെ നീർച്ചാലുകൾ
അണയുന്ന കിളികൾതൻ
വാസസ്ഥലമാം കാടുകളിൽ
തോന്നുന്ന കളിയാടീടാൻ
കുളിർമയേകും തോരാമഴയിൽ
ഏവർക്കും ഇഷ്ടമേകും മഴ
നമ്മുടെ സ്വന്തം തോരാമഴ....



അൻസിയ എം എൽ
8.സി


# വായനയുടെ പ്രാധാന്യം

**വാ**യനയെന്നാൽ അറിവിന്റെ അത്ഭുതമാണ്. വായിച്ചാൽ കിട്ടുന്ന അറിവിന്റെ മൂല്യം നാം ഓരോരുത്തരും അറിഞ്ഞിരിക്കേണ്ട ഒന്നാണ്.പുസ്തകം നൽകുന്ന അറിവിന്റെ വെളിച്ചം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. വായിച്ചാലെ നമുക്ക് അറിവുണ്ടാകു. പ്രത്യേകിച്ച് ഇക്കാലത്ത് വായിച്ച പുസ്തകത്തിന്റെ കണക്കല്ല നാം ഓർക്കേണ്ടത്. അതിൽ നിന്നും ലഭിച്ച അറിവിനും ആശയങ്ങൾക്കുമാണ് പ്രാധാന്യം. വായനയുടെ മൂല്യമറിയാൻ നാം ഏറെ പരിശ്രമിക്കണം. നല്ല പുസ്തകങ്ങളും ചീത്ത പുസ്തകങ്ങളുമുണ്ട്. ആദ്യം തന്നേ നാം ചീത്ത പുസ്തകങ്ങളെ ഒഴിവാക്കുക. ഒരു ചീത്ത പുസ്തകം വായിക്കുമ്പോൾ നാം ഒരു ചീത്ത സുഹൃത്തിനോടാണ് കൂട്ടുകൂടുന്നത്. ചീത്ത പുസ്തകത്തെയും നല്ല പുസ്തകത്തെയും തിരിച്ചറിയാനുള്ള ബോധമാണ് നമ്മളിൽ ആദ്യം ഉണ്ടാകേണ്ടത്ത്. ജൂൺ 19 ന്, നാം വായനാ ആചരിക്കുന്നു. പിഎൻ പണിക്കരുടെ ഓർമ്മ പുതുക്കാൻ വേണ്ടിയാണ് ഈ ദിനം ആചരിക്കുന്നത്. വായനയുടെ മൂല്യം മനസ്സിലാക്കി കൊടുക്കാനും വായനയുടെ മാസ്മരിക ലോകത്തിൽ വിഹരിക്കാനും നമുക്ക് സാധിക്കട്ടെ!



പൂജ എസ്
8.ഇ

# നിറം ചേർത്ത ഭാവനകൾ....









# നന്മതൻ വെളിച്ചം

നന്മതൻ വെളിച്ചമെൻ ജീവിതപാതയിൽ
നറുനിലാവതിൻ നേർത്ത നീളൻ പരപ്പുപോൽ
ഇടതൂർന്നുവന്നതോർത്താർദ്രമായ് മാറുന്നു
എൻ മനം നന്ദിതൻ ഭാവത്താൽ നിത്യവും
മനസ്സെന്ന മാന്ത്രികച്ചെപ്പതിൽ  നിന്നെന്നും
നേർവഴിക്കെന്നെ നയിക്കുവാനുതകുമൊരു
ഗാഢമാം സ്പന്ദനം മിഴിവോടെ കേൾക്കുവാൻ
ചേർത്തുമെന്നുള്ളം തുടിച്ചുപോവുന്നിതാ തീവ്രമായ്
ഓർമ്മകളുടെ തിരശ്ശീലമെല്ലെയകറ്റവേ
നിറയുന്നതറിയുന്നു മിഴിവുള്ള രൂപങ്ങൾ
നന്മതൻ രശ്മിയാലെൻ ജീവയാത്രയതി-
ലെനിക്കേകിയ നന്മതൻ നിറവുകൾ
ജീവദാതാവെൻ ഹൃത്തിലേകിയ നന്മയെ
അപരനിൽ ഇരുളകറ്റീടും വെളിച്ചമാകാൻ
ആശിപ്പു ഞാനിന്ന്, നൽവരം
നൽകിയതു പുണ്യമായ്
തീർക്കണേ...
ഒരു നേർത്ത വെളിച്ചമായ് ചുറ്റിലും
തെളിയുവാനെങ്കിലും ദൈവമേ....



ശ്രീഷ്ന മുകുന്ദാക്ഷൻ
8.ഇ

# പുഞ്ചിരി

നിന്നെ കാണാൻ എന്തൊരു ഭംഗിയാണ്
നീ എന്റെ ചുണ്ടിൽ വിടരുമ്പോൾ
എന്നെകാണാൻ എന്തൊരു ചേലാണ്
ഞാനൊന്നു സങ്കടപ്പെട്ടാൽ
എന്നിൽ നീ എന്തെ വിടരുന്നില്ല
എന്റെ മനസ്സിലെ സങ്കടം മാറ്റാൻ
നീ മാത്രം മതി എനിക്ക്
എന്റെ അമ്മ എന്നെ
ശകാരിച്ച് അല്പനേരം കഴിഞ്ഞാൽ
അമ്മയുടെ ചുണ്ടിൽ നീ വിടരുന്നു
അധ്യാപിക എന്നെ ശകാരിച്ചാൽ
അധ്യാപികയുടെ ചുണ്ടിൽ നീ വിടരുന്നു.
പൂമൊട്ടുപോലുള്ള പുഞ്ചിരിയെ
നീ എന്തേ ചിലപ്പോൾ വാടിപ്പോകുന്നു.
ഞാനൊന്നു കരഞ്ഞാൽ നീ വാടിപോകും.
എന്റെ മുഖത്തിനു കാന്തിയേകാൻ
നീ എന്നെ സഹായിച്ചു.
മനുഷ്യൻ എന്നോട്
എന്തേ നിന്റെ മുഖം ഇങ്ങനെ
എന്നു ചോദിച്ചപ്പോൾ
ഞാനുമൊന്നുപുഞ്ചിരിച്ചു....
ഇതിനെല്ലാം നീ തന്നെയല്ലേ
കാരണം എന്നോർത്തപ്പോൾ
ഞാനുമൊന്നു സന്തോഷിച്ചു.....



അഫ്രിൻ ഫാത്തിമ ജെ
9.ബി

# ചങ്ങാതി

ഓരോ കാഴ്ചയും
ഓരോ ഓർമ്മയാകുന്നു
അപ്രതീക്ഷിതങ്ങളുടെ
ഒരു നട്ടുച്ചയിൽ
മിന്നാരങ്ങളുടെ
തണലിൽ വച്ച്
കൊഴിഞ്ഞു വീണ
കൊന്നപ്പൂക്കളിൽ
എനിക്കെന്റെ
ചങ്ങാതിയെ കിട്ടുന്നു
ഞാനാരെന്നോ..
നീയാരെന്നോ..
ചോദിക്കാതെ
സൗഹൃദത്താൽ
കരൾ നിറഞ്ഞ്..
വീണ്ടും കാണാമെന്ന
സുനിശ്ചിതത്വത്തിൽ
പുൽത്തകിടി വിട്ടിറങ്ങുന്നു നാം.



നജ ഫാത്തിമ എൻ
8.ഡി

# മായാനക്ഷത്രം

മുത്തശ്ശി പറഞ്ഞത് കേൾക്കാതെയാണ് അലൻ പോയത്. അലന് പതിനാല് വയസ്സായതെയുള്ളൂ.അതിന്റെ എല്ലാ എടുത്തുചാട്ടവും അവനുണ്ട്. പിന്നെ അവനെ പറഞ്ഞിട്ടും കാര്യമില്ല. അമ്മയില്ലാത്ത കുട്ടിയല്ലെ. മുത്തശ്ശിയാണ് അവനെ നോക്കുന്നത്. അവർക്ക് പ്രായമായി പക്ഷെ അവന്റെ പ്രായമോ കൗമാരം. എല്ലാ കുട്ടികളിലും കാണുന്നതുപോലെ അവനിലും മുത്തശ്ശി പല മാറ്റങ്ങളും കണ്ടുതുടങ്ങി. അന്ന് പതിവുപോലെ അവൻ ഫോണിൽ കളിക്കാൻ തുടങ്ങി. മുത്തശ്ശി അതുകണ്ട് അവനോട് പോയിരുന്നുപഠിക്കാൻ പറഞ്ഞു. അന്ന് ആദ്യമായി അലൻ മുത്തശ്ശിയെ എതിർത്തു പറഞ്ഞു. മുത്തശ്ശിക്ക് വളരെ വിഷമമായി. അങ്ങനെ അവൻ വീടുവിട്ട് ഇറങ്ങി. എന്നിട്ടാകട്ടെ അവൻ പോയതോ അവന്റെ കൂട്ടുകാരുടെ അടുത്തേക്ക്. ഈ സംഭവം നടന്നിട്ട് ഏകദേശം അഞ്ച് വർഷമായി. അന്നാണ് മുത്തശ്ശി അവനെ അവസാനമായി കണ്ടത്. പിന്നീടുള്ള മുത്തശ്ശിയുടെ ജീവിതം ഉപ്പില്ലാത്ത കഞ്ഞിപോലായിരുന്നു. അവർ ജീവിച്ചതുതന്നെ അലന് വേണ്ടിയായിരുന്നു. അന്നുമുതൽ അവർ തന്റെ കൊച്ചുമകനായുള്ള കാത്തിരിപ്പ് തുടങ്ങി. ആ കാത്തിരിപ്പ് എത്ര കാലങ്ങളാണ് നീണ്ടുപോയതെന്നോ. അതാണ് അവരെ ജീവിക്കാൻ പ്രേരിപ്പിച്ചത്. അപ്പു വരുന്ന നിമിഷത്തിനായി അവർ രാപകലില്ലാതെ കാത്തിരുന്നു.

പക്ഷേ അവൻ തോൽക്കാൻ തയ്യാറായില്ല. അങ്ങനെ ആ വാശിപ്പുറത്ത് അവൻ അനാഥാലയത്തിൽ എത്തിച്ചേർന്നു. എന്തിനെന്നില്ലാത്ത വാശിക്കുവേണ്ടി.പക്ഷേ അങ്ങനെയിരിക്കെയാണ് അവൻ ആ സ്വപ്നം കണ്ടത്. അത് അവനേയും മുത്തശ്ശിയേയും കുറിച്ചായിരുന്നു. അങ്ങനെ അവനെ മുത്തശ്ശിയുടെ ചിന്തകൾ അലട്ടാൻ തുടങ്ങി. പതിയെ പതിയെ അവന് തന്റെ തെറ്റുകൾ മനസ്സിലാവാൻ തുടങ്ങി.

മുത്തശ്ശി അവനെ നോക്കിയത് വളരെ കഷ്ടപ്പെട്ടാണ്. അത് അവനും നിശ്ചയമുള്ളതാണ്. പക്ഷേ ആ ആവേശപ്പുറത്ത് അവൻ മറന്നു പോയതാണ്. പിന്നീടത് മനസ്സിലാക്കാൻ ഏറെ സമയമെടുത്തു. അങ്ങനെ പിന്നെ അവൻ തന്റെ തീരുമാനം മാറ്റി മുത്തശ്ശിക്കുവേണ്ടി മുത്തശ്ശിയുടെയടുത്തേക്ക് പോകുമ്പോൾ അവരെ നന്നായി നോക്കാൻ വേണ്ടി പഠിക്കാൻ തുടങ്ങി. അവൻ അത് ഒരു വാശിയാക്കി.പക്ഷേ ഇപ്രാവശ്യം നല്ലതിനായുള്ളതാണ്. ഉർജം തരുന്ന വാശി. എങ്കിലും അവൻ അപ്പോഴും മുത്തശ്ശിയെ കാണാൻ വീട്ടിലേക്ക് പോയില്ല. അങ്ങനെ കാലങ്ങൾ നീണ്ടുപോയി. ഇപ്പോൾ അവൻ ഒരു കുട്ടിയല്ല. വിദേശരാജ്യത്തിലെ കോടീശ്വരനായ ഒരു ബിസ്സിനസ്സ് മാനായിക്കഴിഞ്ഞിരുന്നു. പക്ഷേ പണത്തിന്റെ അഹങ്കാരം തലയ്ക്ക് പിടിച്ചതുകൊണ്ടാവാം അവൻ ഇത്രയും കാലം മുത്തശ്ശിയെ കാണാൻ വരാത്തത്. പക്ഷേ ആ തണൽ മരം അവനെ മറന്നിട്ടുണ്ടായി

രുന്നില്ല.അലന് ഒരു ദിവസം വല്ലാതെ വിഷമവും സങ്കടവും തോന്നാൻ തുടങ്ങി. കാരണം അവനെ മുത്തശ്ശിയുടെ ചിന്ത കൾ വീണ്ടും അലട്ടാൻ തുടങ്ങി.അങ്ങനെ ഏറെ അസ്വസ്ഥ നായ അവൻ മുത്തശ്ശിയെ കാണാൻ നാട്ടിലേക്ക് വന്നു. പ ക്ഷേ വേദനാജനകമായ ഒരു കാര്യമാണ് അവൻ കണ്ട ത്. തന്റെ മുത്തശ്ശിയെ അവിടെയെങ്ങും കാണാനില്ലായിരു ന്നു. അവിടെ നിന്നിരുന്ന ഒരു വ്യക്തിയോട് അവൻ കാര്യ ങ്ങൾ തിരക്കി. "അവരുടെ കൊച്ചുമകനെ കാണാതെ പോ യതു മുതലാണ് അവർ ഇങ്ങനെയായത്. തന്റെ കൊച്ചുമ കൻ വരുമെന്ന് പറഞ്ഞ് അവർ രാപ്പകൽ ഇല്ലാതെ കാ ത്തിരിക്കുമായിരുന്നു. അവരുടെ വീടിന്റെ മുൻ വശത്തുകൂടി വണ്ടിയോ ആളുകളോ കടന്നുപോയാൽ തന്റെ കൊച്ചുമ കനാണെന്നു കരുതി അവർ ഓടി വരുമായിരുന്നു. അങ്ങ നെ അതു പതിവായി. പിന്നീട് അത് കൊച്ചുമോനെ തേടി യുള്ള അലച്ചിലായി. പല ആളുകളും അതിനെ പല പേരി ട്ട് വിളിക്കാൻ തുടങ്ങി. അതെ ഒരു ഭ്രാന്തിയെപ്പോലെ അവ ർ അലയാൻ തുടങ്ങി. അന്നൊരിക്കൽ അവർ എന്റെ വീട്ടി ലേക്ക് വന്നിട്ട് പറയുകയാണ്. കൊച്ചുമോൻ വന്നു എന്നും അവനെ വിളിക്കാൻ തന്റെ കൂടെ വരണമെന്നും. അന്ന് അ വർ വളരെ സന്തോഷവതിയായിരുന്നു. എന്റെ മറുപടി പോലും കേൾക്കാതെ അവർ മടങ്ങി പോയി.പിന്നീട് രണ്ടു ദിവസം ഞാൻ അവരെ കണ്ടിട്ടില്ല. അങ്ങനെ ഞാൻ അവ രെ തിരയാൻ തുടങ്ങി. പക്ഷേ എനിക്ക് അതൊരു ഞെട്ട

ലായിരുന്നു. അന്ന് അവർ തന്റെ കൊച്ചുമോനെ തേടി റോഡിലൂടെ പല വാഹനങ്ങളെയും തടുത്ത് തിരയാൻ തുടങ്ങി. പക്ഷേ അറിയാതെയൊരു കല്ല് തട്ടി വീഴുകയും അതിലൂടെ വന്ന ഒരു വാഹനം ഇടിക്കുകയും ചെയ്തു. അങ്ങനെ അവർ അവിടെവെച്ചു തന്നെ ജീവിതം വെടിഞ്ഞു എന്ന വാർത്തയാണ് അവൻ കേട്ടത്". ഇതു കേട്ടതും അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. താൻ ചെയ്ത തെറ്റിന്റെ പശ്ചാത്താപവും മുത്തശ്ശിയെക്കുറിച്ചുള്ള വേദനയും അന്ന് ആദ്യമായി അവന്റെ കണ്ണുകളിൽ കുറ്റബോധത്തിന്റെ നേരിയ കൊഴുപ്പ് വെള്ളം നിശ്ചയമില്ലാതെ ഒഴുകാൻ കാരണമായി. യഥാർത്ഥമായ കുറ്റബോധത്തിന്റേത്. മുത്തശ്ശിയുടെ ഈ അവസ്ഥയ്ക്കു കാരണം താനാണെന്ന ചിന്ത അവനെ അസ്വസ്ഥനാക്കി. മുത്തശ്ശി ഒരു മായാനക്ഷത്രമായി അവന്റെ മനസ്സിൽ ഇന്നും നിലനിൽക്കുന്നു.



അനന്യ സാജൻ
9.ഇ

# പച്ചിലകളുടെ ചുവന്ന രാജ്ഞി

പച്ചിലക്കാട്ടിൽ നടുക്കതായി വ്യത്യസ്തയായി നീ
നിൽക്കുമ്പോൾ
മിന്നുന്ന താരങ്ങൾ നിൻ മുതുമേനിയിൽ പതിച്ചുനിന്നു
ഗന്ധർവബാലികയായി നീ നിൽക്കുമ്പോൾ
മൂളും മധുപങ്ങൾ ചുറ്റും നിൽക്കും
കൊച്ചിളം കാറ്റിന്റെ കൈകളാലെ
പച്ചില തൊട്ടു തലോടി തണുത്ത
രാവിലെ മാനത്തുദിച്ച സൂര്യൻ
നിൻ സൗന്ദര്യത്താൽ മയങ്ങി നിന്നു
വസന്തകാലത്തിൽ ജനിച്ചു വന്നു
വേനലിൻ മടിയിൽ കിടന്നും
കാറ്റുകാലത്തിൽ ഉറങ്ങി വരുന്ന നീ
നീ പുഷ്പങ്ങളുടെ റാണി മാത്രമല്ല
മനുഷ്യ മനസ്സിലെ റാണിയാണ്!



ആർ അന്നപൂർണ
9.സി

# വരവർണ്ണങ്ങൾ...









# ഹിമവാന്റെ മുകൾത്തട്ടിൽ – വായനാക്കുറിപ്പ്

രാജൻ കാക്കനാടൻ എഴുതിയ സഞ്ചാര സാഹിത്യ കൃതിയാണ് 'ഹിമവാന്റെ മുകൾതട്ടിൽ'. രാജൻ കാക്കനാടൻ ഒരു സഞ്ചാര സാഹിത്യകാരനും ചിത്രകാരനും അതിലുപരി എഴുത്തുകാരനും ആയിരുന്നു. 1942ൽ ആണ് അദ്ദേഹം ജനിച്ചത്. സിനിമ, നാടകം എന്നീ മേഖലകളിലും സജീവമായി തന്നെ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.അമർനാദ് ഗുഹയിലേക്ക്, നേരമല്ലാത്ത നേരം തുടങ്ങി വേറെയും കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 1991 ആഗസ്റ്റ് 25 ന് അദ്ദേഹം മരണപ്പെട്ടു.

1975 ൽ ഹിമാലയത്തിലേക്ക് ഏകനായ് നടത്തിയ കാൽനടയാത്രയാണ് ഈ പുസ്തകത്തിന്റെ ആധാരം. മറ്റെല്ലാ യാത്രാവിവരണത്തേക്കാളും വ്യത്യസ്തമാണ് ഈ കൃതി.ആനന്ദങ്ങളും സൗഹൃദങ്ങളും സങ്കടങ്ങളും വളരെ മനോഹരമായി അദ്ദേഹം എഴുതിയിട്ടുണ്ട്. ലഭിച്ച സുഹൃത്തുക്കൾ ദൂരവും വാഹനസൗകര്യവും എല്ലാം ഓർമപ്പെടുത്തി. എങ്കിലും എടുത്ത തീരുമാനം അദ്ദേഹം മുറുകെ പിടിച്ച് യാത്ര തുടർന്നു.എകനായി തന്റെ നിഴലിനെ മാത്രം കൂട്ടുപിടിച്ച് അദ്ദേഹം യാത്ര തുടർന്നു. ഏഴാം ക്ലാസിലെ മലയാളം പാഠപുസ്തകത്തിൽ ഡൽഹിയിലെ തന്റെ ചേട്ടനെ കാത്ത് അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ പെറുക്കി കൊടുക്കുന്ന ഒരു കുഞ്ഞുഭാഗമുണ്ട്. അതും ഈ കഥയുടെ ഒരു

ഭാഗമാണ്. ഞാനിതുവരെ കണ്ടിട്ടില്ലാത്ത എന്നാൽ പോകാൻ ഒത്തിരി ആഗ്രഹമുള്ള ഹിമാലയത്തിലേക്ക് രാജൻ കാക്കനാടിനോടൊപ്പം ഒരു സാഹസികയാത്ര നടത്തിയ അനുഭൂതിയാണ് ഈ പുസ്തകം വായിച്ചപ്പോൾ എനിക്ക് ലഭിച്ചത്. അദ്ദേഹം തന്റെ യാത്രയും സ്വപ്നങ്ങളും എല്ലാം പൂർത്തിയാക്കി തിരിച്ച് മടങ്ങി.



ഫെബിയ ബിനു
8.ഇ

# മണ്ണിലാഴ്ന്ന നൊമ്പരപ്പൂക്കൾ

ഓർക്കുക നീ മനുഷ്യാ
ഭൂമാതാവിനെ വെട്ടിക്കൊല്ലുമ്പോൾ
താൻ വിന മാത്രമേ
തനിക്കുണിനായി ലഭിക്കുള്ളൂ;
നീ അന്നു ചെയ്താ
ദുഷ്പ്പവർത്തി തന്നെ
ഇന്നു നിൻ മക്കൾ തിന്നുന്നു
പാവങ്ങളാം പൈതങ്ങളിൻ
താരക്കിനാവുകൾ ഊതിക്കെടുത്തി
എന്തു നേടി മനുഷ്യാ നീ?
കണ്ണീരിലാഴും വയനാട്ടിലെ
കുഞ്ഞുമക്കളിൻ ചോര മാത്രം
അവരുടെ വേദന മാത്രം,
കണ്ണീരു മാത്രം,
ഒഴുകിപ്പോയ അക്ഷരനൊമ്പരം
മാത്രം...



കാവ്യശ്രീ കെ
8.ഇ

# ലഹരി

ലഹരി ഒരു മയക്ക്, ലഹരി ഒരു മോഹം
ജീവിതം മരവിപ്പിച്ചൊരു സ്വപ്നം
അധികം പ്രിയപ്പെട്ടോർക്കും ദോഷം
നിമിഷനേരം മാത്രമാകുന്ന സുഖം
പിന്നിലേറുന്ന വേദന അതിരുകളും കെടുന്നു
ഓർമ്മകളുടെ വേലിയേറ്റ് ജീവനോളം മുറിയുന്നു
മനുഷ്യർ ബദ്ധമാകുന്ന മയക്കമരുന്ന്
പ്രപഞ്ചം
കാറ്റാടിയുള്ളിൽ മിഴിയേറ്റു മിഴിവാർന്നു
മറവിയുടെ താഴെ പാടുന്ന ഹൃദയം
ജീവിതത്തിന്റെ ഗതി വഴിതെറ്റിയ
ജീവിതം
ലഹരി, സ്വർഗ്ഗവാസനയിൽ,
നരകക്കണ്ണീരുകളിൽ
മനസ്സിന്റെ ചീരവും, ഹൃദയത്തിന്റെ മുറിവുകളും.
ഇതിഹാസം മറയാതെ, മറവിയുടെ കനൽ
മറയാതെ ജീവിക്കു, ലഹരിയിലൊരു
വെറും നിഴൽ.



ഹൃദ്യ. എസ്
8.ബി

# കുളം ആരുടേത്, ജലം ആരുടേത്

പരിസ്ഥിതി പ്രവർത്തകയും എഴുത്തുകാരിയും ജൈവവൈവിദ്യ സംരക്ഷകയുമായ ശ്രീമതി എസ് ശാന്തിയുടെ അതിമനോഹരമായ പ്രകൃതിയോട് ഇണങ്ങിച്ചേരുന്ന കഥയാണ് 'കുളം ആരുടേത്, ജലം ആരുടേത്.'

ചരൽക്കല്ലുകൾക്കിടയിൽ കൂടുണ്ടാക്കുന്ന ഒരു കുഞ്ഞിപക്ഷി. ഒരിക്കൽ മുട്ടയിടാൻ പറ്റിയ ആളൊഴിഞ്ഞ സ്ഥലം നോക്കി പറന്നു നടക്കുകയായിരുന്നു. വിണ്ടു വരണ്ട ഭൂമി കഠിനമായ വേനലിൽ ചെടികളെല്ലാം കരിഞ്ഞുണങ്ങിയിരുന്നു. മുട്ടയിടാൻ നല്ല സ്ഥലം നോക്കി ആകാംക്ഷയോടെ ചുറ്റിപ്പറന്ന നമ്മുടെ കുഞ്ഞിക്കിളി ഒടുവിൽ ഒരു സ്ഥലം കണ്ടെത്തി. പരന്നുകിടക്കുന്ന ആ ഭൂപ്രദേശത്ത് കണ്ടത് ഒരു ചെറിയ കുഴിയായിരുന്നു. മുട്ടയിടാൻ അവൾ തിരഞ്ഞെടുത്ത സ്ഥലം. ചുട്ടുപൊള്ളുന്ന ആ പകൽ നേരത്ത് അവൾ നാല് മുട്ടയിട്ടു. കുറെ ദിവസം കഴിഞ്ഞപ്പോൾ മുട്ട വിരിഞ്ഞു. കുഞ്ഞുങ്ങൾ പറക്കമുറ്റും വരെ അവൾ അവരെ തീറ്റിപ്പോറ്റി. ഒടുവിൽ അവർ എങ്ങോ പറന്നു പോയി. കഥ തീർന്നില്ല. ആ വഴി ഒരു കാട്ടുപന്നി മുക്രയിട്ടു വന്നു. കിടക്കാൻ നല്ലൊരു സ്ഥലം തേടി വന്ന പന്നി തന്റെ പിൻഭാഗം ആ കുഴിയിൽ വെച്ചു. അവന് വേണ്ട വലുപ്പം കുഴിക്കില്ല എന്നു തോന്നിയ പന്നി എഴുന്നേറ്റ് ആ കുഴി നല്ല വണ്ണം കുത്തിയിളക്കി വലുതാക്കി.പിന്നെ ആ കുഴിയിൽ കിടന്നുരുണ്ട് ആവശ്യമുള്ളത്ര വലുതാക്കി. അതിൽ കിട

ന്ന് സുഖമായുറങ്ങി. ഒടുവിൽ സന്ധ്യയായപ്പോൾ നല്ല വിശപ്പു വന്നപ്പോഴാണ് ഞെട്ടിയുണർന്ന് അവന്റെ വഴിക്കു പോയത്. മൂരി നിവർത്തി ഒരിക്കൽക്കൂടി മണ്ണുകുത്തിയിളക്കി. അവൻ ഒരൊറ്റപ്പോക്ക് പോയി. കാട്ടുപന്നി പോയപാടെ ഒരു കൂട്ടം കാട്ടുപട്ടികൾ അവിടേക്ക് ഓടി വന്നു. ആ കുഴിക്കകത്തെങ്ങാനും പന്നി കിടന്നുറങ്ങുന്നുണ്ടോ എന്ന് പരിശോധിക്കാനെന്നപോലെ അവിടെ ഒന്നുകൂടെ കുഴിച്ചു.അധികം താമസിയാതെ മഴ വന്നു. ഭൂമി വെള്ളം കുടിച്ചു കുതിർന്നു.നമ്മുടെ കുഴിയിലും വെള്ളം നിറഞ്ഞു. അതിനു ചുറ്റും പച്ചപ്പുല്ലും ചെടികളും വളർന്നു. പച്ചപ്പുല്ല് തിന്നാൻ കുറെ എരുമകൾ അവിടേക്ക് വന്നു. എരുമകൾ ആ കുഴിയിലെ വെള്ളത്തിൽ കിടന്നു മദിച്ച് ആ കുഴിയെ കുറെക്കൂടി വലുതാക്കി. ചെളി നിറഞ്ഞ ചതുപ്പുനിലമായി അതു മാറി. വെള്ളം വറ്റും വരെ എല്ലാ ദിവസവും എരുമകൾ അവിടേക്ക് വന്നു. പത്തിരുപത് എരുമകളുടെ കുളമ്പടികളും ചെളിയിൽ കിടന്നുരുളലും കാരണം ആ കുഴി ഒരു നീർനിലമായി മാറി. എരുമകൾ പോയപാടെ ഒരു ആനക്കൂട്ടം അതിലേ വന്നു.കാട്ടിൽ നടന്നു വഴി തെളിക്കുന്ന ആനകൾ ചതുപ്പു നിലങ്ങളെ കുളങ്ങളാക്കി മാറ്റാൻ വിദഗ്ധരാണ്. ആനകളെല്ലാം കൂടി ആ നീർനിലം നന്നായി കുത്തിമറിച്ച് ആഴം കൂട്ടി നല്ലൊരു ജലാശയമാക്കി മാറ്റി. പാവപ്പെട്ടൊരു കർഷകൻ ജലാശയത്തിനടുത്ത് നിലമൊരുക്കിയിരുന്നു. അയാളുടെ ജീവിതം ദാരിദ്ര്യം നിറഞ്ഞതായിരുന്നു. വേനൽക്കാലത്ത് ചെടികൾക്ക് നനയ്ക്കാനും കുടിവെള്ളത്തിനും വേണ്ടി അയാൾ കു

റേ ദൂരം നടക്കേണ്ടിയിരുന്നു.കഠിനാദ്ധ്വാനം കഴിഞ്ഞ് കർ ഷകൻ മെല്ലെ നിവർന്ന് ചുറ്റും കണ്ണോടിച്ചു. ഒരു സ്ഥലം മാത്രം പച്ചപ്പ്. അടുത്തേക്ക് ചെന്ന് നോക്കിയപ്പോൾ പരന്ന മൺകുഴി നിറയെ വെള്ളം. സന്തോഷം കൊണ്ട് അയാളുടെ മനം കുളിർന്നു.ഒരാഴ്ചത്തെ അധ്വാനം കൊണ്ട് അയാൾ ആ കുഴിയെ നല്ലൊരു കുളമാക്കി മാറ്റി. ആ കുളം കണ്ട് നാട്ടുകാരെല്ലാം ഓടിക്കൂടി. ആ കുളത്തിന്റെ അവകാശം പറഞ്ഞ് നാട്ടിൽ ധനികനായ ജന്മി എത്തി. അതുവഴി വന്ന ആനകൾ, എരുമകൾ, കാട്ടുപന്നികൾ സന്തോഷത്തോടെ മനസ്സിൽ പറഞ്ഞു, ഞങ്ങൾക്കെല്ലാവർക്കും ഈ കുളം ഉണ്ടാക്കുന്നതിൽ ചെറിയ ചെറിയ പങ്കുണ്ട്. ഞങ്ങൾക്കെല്ലാവർക്കും ഇതിൽ അവകാശമുണ്ട്. അപ്പോഴതാ പറന്നു വരുന്നു, നമ്മുടെ കുഞ്ഞിക്കിളി. എന്താ ഇവിടെ ഇത്ര തിരക്ക്. ഇവിടെ എങ്ങനെ ഇത്ര നല്ലൊരു കുളം ഉണ്ടായി. ഇവിടയല്ലേ കല്ലൊക്കെ മാറ്റി നാല് മുട്ടയിട്ടത്. അപ്പോൾ എനിക്കും ഈ കുളത്തിന് അവകാശമുണ്ട്. നിങ്ങൾ തന്നെ വാസ്തവത്തിൽ പറയൂ,ആരുടേതാണ് കുളം?, ആരുടേതാണ് ജലം?



സന മ്പാത്തിമ
8.സി


# സൗഹൃദം

പിണങ്ങിയാലും ഇണങ്ങിയാൽ
അടുക്കുന്ന ചുരുക്കം ചിലർ
സന്തോഷങ്ങളിലും വിഷമങ്ങിലും
ഒരുപോലെ ചേക്കേറിയവർ
ആദ്യപടി കയറുമ്പോഴും
അവസാന പടി ഇറങ്ങുമ്പോഴും
കൈപിടിച്ച് നിർത്തിയവർ
കണ്ണുകളിൽ നോക്കി ഹൃദയമിടിപ്പിൻ
താളവ്യത്യാസം തിരിച്ചറിയാൻ കഴിവുള്ളവർ
ഒരുപാടു മനഷ്യർക്കിടയിൽ
ജീവിതമെന്ന ആഴക്കടൽ നീന്തിക്കടക്കുമ്പോൾ
നമ്മളേക്കാൾ വിലയേറിയവർ
ജനനത്തിനും മരണത്തിനുമിടയിൽ
തന്റേതെന്നു പറഞ്ഞ്
ചേർത്തു പിടിക്കാൻ കഴിയുന്ന ചിലർ
മുഖം നോക്കി മനസ്സു വായിക്കാൻ
കഴിയുന്നവരാണ് നാമേവരുടെയും
സമ്പാദ്യം.....



ശ്രീഷ്ന മുകുന്ദാക്ഷൻ
8.സി

# ചില പെൻസിൽ വരകൾ...


Arunima - M
VIII - B
Roll : No : 28


Anandhana Ramesh . U.R
IX - B


Sreekala S
9B

# ആസ്വാദനം-വിശപ്പിന്റെ വില

വിശപ്പിന്റെ വില എന്തെന്ന മനസ്സിലാകണമെങ്കിൽ ഒരുനേരമെങ്കിലും വിശന്നിരുന്നിട്ടുണ്ടാകണം.നാലു നേരം മൃഷ്ടാന്ന ഭോജനം നടത്തുന്നവർക്ക് വിശപ്പ് എന്ന വികാരം പലപ്പോഴും അന്യമായിരിക്കും ജീവിതത്തിന്റെ ഇടനാഴികളിൽ എവിടെയോ കണ്ടു മുട്ടുന്ന ചില അപരിചിതർ പലപ്പോഴും നമ്മളെ വല്ലാതെ സ്വാധീനിക്കാറുണ്ട്. അവരുടെ അനുഭവങ്ങൾ ഇടയ്ക്കിടെ നമ്മുടെ മനസ്സിലൂടെ കടന്നു പോകാറുണ്ട്. അത്തരം ചില അനുഭവങ്ങളും അവലോകനങ്ങളുമാണ് എനിക്ക് നിങ്ങളുമായി പങ്കുവയ്ക്കാനുള്ളത്. അവിടെ വിശപ്പും ആഹാരവുമൊക്കെ കഥാപാത്രങ്ങളാണ് . ആഹാരത്തിന്റെ വില ശരിക്കും മനസ്സിലാവുന്നത് അത് അവരുടെ അനുഭവങ്ങൾ ഇടയ്ക്കിടെ നമ്മുടെ മനസ്സിലൂടെ കടന്ന് പോകുമ്പോഴാണ്. ആഹാരത്തിന്റെ വില ശരിക്കും മനസ്സിലാക്കുന്നത് അത് നിഷേധിക്കപ്പെടുമ്പോഴാണ് ചിക്കൻ ബക്കറ്റിന്റെയും ബർഗറിന്റെയും കുഴിമന്തിയുടെയും പുറത്തു ജീവിക്കുന്ന പുതു തലമുറ പലപ്പോഴും അത് അറിയാതെ പോകുന്നു. ട്യൂട്ടോറിയൻ കോളേജിലെ അദ്ധ്യാപനം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലം. ശനിയും ഞായറും നിന്ന് തിരിയാൻ സമയമില്ല. 7 മണിമുതൽ 1 മണിവരെ നീളുന്ന 6 മണിക്കൂർ മാരത്തോൺ പ്ലസ്ടു ക്ലാസുകൾ കാട്ടാക്കടയിൽ. കൃത്യം 1.30 ന അ

വിടുന്ന് നെയ്യാറ്റിൻകര എത്തണം. ഡിഗ്രി ക്ലാസ് എടുക്കാൻ 4 മണിക്ക് അവിടം വിട്ടാൽ പിന്നെ 3ഹോം ട്യൂഷൻസ്, നെയ്യാറ്റിൻകരയിൽ, കരമനയിൽ പിന്നെ വീടിനടുത്ത്.എല്ലാം കഴിയുമ്പോഴേക്കും മണി രാത്രി 11 ആകും. ഇതിനിടയിൽ ഉച്ചഭക്ഷണം പലപ്പോഴും നാരങ്ങാവെള്ളവും മുട്ട പഫ്സും ആയിരിക്കും. അങ്ങനെ തിരക്കു പിടിച്ച ഒരു ദിവസം ഉച്ചക്ക് ഒരു കടയിൽ കയറി. ഒരു നാരങ്ങാവെള്ളത്തിന് ഓർഡറും ചെയ്ത് ഇരിക്കുന്ന സമയം. അടുത്തുള്ള മേശയിൽ ഒരു കുടുംബം ഇരിപ്പുണ്ട്. കൂട്ടത്തിൽ 6 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു ആൺകുട്ടിയും. സമ്പത്തിന്റെ അപ്രമാദിത്യം അവരുടെ രൂപത്തിലും ശരീരഭാഷയിലും പ്രതിഫലിക്കുന്നുണ്ടായിരുന്നു. കുട്ടി എന്തിനോ വേണ്ടി വാശി പിടിക്കുന്നുണ്ടായിരുന്നു. ഞാൻ അന്നു വരെ കേൾക്കാത്ത ഏതോയൊരു ഐറ്റത്തിനു അവന്റെ പ്രതിഷേധം എന്നു മാത്രം എനിക്കു മനസ്സിലായി. അത് ആ കടയിൽ ഇല്ലായിരുന്നുവെന്നു തോന്നുന്നു. വൈകീട്ട് വാങ്ങിത്തരാം എന്ന് അവന്റെ അച്ഛൻ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നുവെങ്കിലും അവൻ വഴങ്ങുന്ന ലക്ഷണമൊന്നും കണ്ടില്ല.കുറച്ച് നേരം കഴിഞ്ഞു, അവർ ഓഡർ ചെയ്ത ഐറ്റം വെയിറ്റർ അവരുടെ മേശപ്പുറത്ത് കൊണ്ട് വച്ചു. ഒറ്റ നിമിഷം, ഒരൊറ്റ തട്ടിന് കുട്ടി ,അതെല്ലാം തട്ടിത്തെറിപ്പിച്ചു. അടുത്ത മേശയോരത്ത് ഇരുന്ന എന്റെ ഷർട്ടിലും വീണു, അതിന്റെ ബാക്കി പാത്രം. കുട്ടിയുടെ, അച്ഛൻ വന്നു ക്ഷമയൊക്കെ പറഞ്ഞെ

ങ്കിലും അതൊന്നും ശ്രദ്ധിക്കാതെ ഓർഡർ ചെയ്ത നാരങ്ങ വെള്ളം വേണ്ടാന്ന് പറഞ്ഞിട്ട് ഞാൻ പുറത്തേക്ക് ഇറങ്ങി. ബൈക്കിൽ കയറി, നെയ്യാറ്റിൻകരക്ക് പോകുമ്പോൾ മനസ്സ് മുഴുവൻ ആ കുട്ടിയുടെ ചെയ്തികൾ ആയിരുന്നു.ഓർമ്മകൾ പെട്ടെന്ന് എന്നെ എന്റെ ബാല്യകാലത്തിലെ ഒരു അനുഭവത്തിലേക്ക് കൂട്ടിക്കൊണ്ട് പോയി. ഇന്നു വരെ ആരോടും പങ്കുവയ്ക്കാത്ത ആ അനുഭവം, കണ്ണ് നനയാതെ ഓർത്തെടുക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഞാൻ അഞ്ചാം ക്ലാസു കഴിഞ്ഞിട്ടുള്ള വേനലവധിക്കാലം.അക്കാലങ്ങളിൽ എല്ലാ മലയാള മാസം ഒന്നാം തീയ്യതിയും ആറ്റുകാൽ അമ്പലത്തിൽ പോകുന്ന ശീലം അമ്മക്കുണ്ടായിരുന്നു. രാവിലെ എണീക്കാനുള്ള മടി കൊണ്ടോ മറ്റു തിരക്കുകൾ കൊണ്ടോ ഞാൻ പലപ്പോഴും പോകാറുണ്ടായിരുന്നില്ല.വേനലവധിക്കാലം ആയതിനാൽ ഒരു ഒന്നാം തീയ്യതി ദിവസം അമ്മയോടൊപ്പം പോകാൻ ഞാൻ തീരുമാനിച്ചു. രാവിലെ ഏഴുമണിയുടെ ബസ്സിനു പോയി. സാധാരണ പത്തു മണി കഴിയുമ്പോഴേക്കും വീട്ടിൽ തിരിച്ചെത്താറുണ്ട്. അന്നാണേൽ അമ്പലത്തിൽ വല്ലാത്ത തിരക്കും.ഒടുവിൽ ദർശനം കിട്ടി പുറത്തിറങ്ങിയപ്പോൾ സമയം പതിനൊന്ന് കഴിഞ്ഞു. മീനവെയിൽ ചൂട് കനത്തു തുടങ്ങിയിരുന്നു. രാവിലെ മുതൽ ഒന്നും കഴിച്ചിട്ടില്ല. വല്ലാത്ത തളർച്ച. ദാഹിച്ചിട്ട് തൊണ്ട പൊട്ടുന്ന അവസ്ഥ. നടന്ന് നടന്ന് കിഴക്കേക്കോട്ട ബസ്സ് സ്റ്റോപ്പിൽ എത്തി. വിശപ്പ് സഹിക്കാൻ പറ്റുന്നില്ല. വെയി

ലും ചൂടുമൊക്കെ അതിന് സ്മാരകങ്ങൾ ആയി.അവസാനം ഗതികെട്ട് അമ്മയോട് പറഞ്ഞു. "അമ്മേ വിശക്കുന്നു...എന്തേലും കഴിച്ചാലോ..'' അമ്മ ഒന്നും പറഞ്ഞില്ല. വിധി വെറുത്ത മുഖവുമായി അമ്മ ബസ്സ് നോക്കി നിൽക്കുകയാണ്. വീണ്ടും ഞാൻ ആവർത്തിച്ചു. ദയനീയമായ മുഖത്തോടെ അമ്മ പേഴ്സ് പരതി. ബസ്സ് കൂലി പോയിട്ട് മിച്ചമുണ്ടായിരുന്നത് ആകെ രണ്ടു രൂപയുടെ ഒരു തുട്ട് മാത്രം. അതിന് എന്ത് കിട്ടാൻ? ആ രണ്ടു രൂപയുമായി കടകളായ കടകൾ മുഴുവൻ ഞാൻ നടന്നു.അല്പം വെള്ളമെങ്കിലും കുടിക്കാൻ എല്ലായിടത്തും ജൂസ് മാത്രമേ ഉള്ളൂ. അതിനാണേൽ പത്തുരൂപ എന്തോ ആണ് വില.അവസാനം ദയനീയമായ എന്റെ മുഖം കണ്ടിട്ടാവണം ഒരു കടയിലെ അപ്പൂപ്പൻ ഒരു ഗ്ലാസ്സ് വെള്ളം എടുത്തു തന്നു. അതിന്റെ മാധുര്യം ഇന്നും പറഞ്ഞറിയിക്കാനാവില്ല. പിന്നെ ബസ്സൊക്കെ കിട്ടി വീട്ടിൽ എത്തുമ്പോൾ സമയം 2 മണി.. ഇടയ്ക്കിടെ അമ്മ ആ സംഭവം പറഞ്ഞു വിഷമിക്കാറുണ്ടായിരുന്നു. അന്നത്തെ കുഞ്ഞു മനസ്സിന് ആ നെഞ്ചിന്റെ നോവ് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പക്വമായ ഇന്നത്തെ മനസ്സിലൂടെ നോക്കുമ്പോഴാണ് സ്വന്തംകുഞ്ഞിന്റെ വിശപ്പിനേയും അവശതയേയും നിസഹായതയോടെ നോക്കിനിൽക്കേണ്ടിവന്ന ഒരു അമ്മയുടെ വേദന മനസ്സിലാക്കാൻ കഴിയുന്നത്.

ആഴത്തിൽ വേദനിക്കപ്പെട്ടതുകൊണ്ടാവാം അടുത്ത ഒന്നാം തീയ്യതി അമ്പലത്തിൽ പോയപ്പോൾ അമ്മ

എന്നേ വീണ്ടും കൊണ്ട് പോയി. ഒരു മാസം കൂട്ടിവച്ചിരിക്കുന്ന കാശുകൊണ്ട് അമ്മ അന്നെതിക്ക് വയറുനിറയെ മസാലദോശ വാങ്ങി തന്നു.ഒരു ചായമാത്രം കുടിച്ചുകൊണ്ട് എന്നെ നോക്കുന്ന അമ്മയുടെ കണ്ണിലെ വികാരം എന്തായിരുന്നു എന്ന് ഇപ്പോഴും എനിക്കറിയില്ല. സങ്കടമോ അതോ സന്തോഷമോ!!.. ഇപ്പോഴും ചിലപ്പോഴൊക്കെ അമ്മ ആ അനുഭവം പറയാറുണ്ട്. അപ്പോഴാണ് ഇന്നത്തെ ജീവിത രീതികൾ എത്രത്തോളം മെച്ചപ്പെട്ടു എന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഇന്നും സഹപ്രവർത്തകരും സുഹൃത്തുക്കളും മോശം ഭക്ഷണം കഴിക്കുമ്പോൾ,ഒരുപക്ഷേ വിശപ്പ് മാറിയെങ്കിൽ പോലും അവർ മിച്ചം വക്കുന്ന ഭക്ഷണം ഞാൻ കഴിക്കാറുണ്ട്. അവർ കഴിക്കാത്ത, ആ ഭക്ഷണം കുപ്പത്തൊട്ടിയിലേക്ക് വീഴുന്നത് കാണുമ്പോൾ ഉള്ളിൽ എവിടെയോ ഒരു വിങ്ങൽ ആണ്. സദ്യയ്ക്കൊക്കെ പോകുമ്പോൾ,ഇലയിലെ അവസാന വറ്റുപോലും മിച്ചം വയ്ക്കാത്ത, ഇല വടിച്ചു കഴിക്കുന്ന എന്നെ പുച്ഛത്തോടെ നോക്കിയ ചില കണ്ണുകളേയും ഞാൻ ഈ അവസരത്തിൽ ഓർക്കുന്നു.



അപ്സര പി
8.സി

# വെള്ളാർമലയിൽ ചിതറിയ അക്ഷരനക്ഷത്രം

പെയ്തൊഴിയുന്ന പേമാരി
കൊണ്ടുപോകുന്നു ആയിരം-
മായിരം ജീവന്റെ തുടിപ്പുകൾ
വെള്ളാർമലയിൽ, മുണ്ടക്കൈയിൽ
ഒഴുകുന്ന പെരുവെള്ളം
കണ്ണീർപ്പുഴയായ് കേരളം
ചിതറിയ അക്ഷരനക്ഷത്രക്കണ-
ക്കിന് ജീവനുകൾ
എന്നു നീ തിരിച്ചു വരും
വിരിഞ്ഞ ആയിരം പുഞ്ചിരി
നമ്മുടെ സ്വന്തം കേരളം
ആയിരമായിരം സ്വപ്നങ്ങൾ
കൺമുന്നിൽ തകർന്നുവീണ
എന്നാൽ ഇനിയെങ്കിലും നിർത്തുക
പ്രകൃതിക്കെതിരായ ചെയ്തികൾ
പ്രാർത്ഥിക്കാം നമ്മുടെ നാടിനായ്...



വൈഗ ആർ
8.ബി

# ലഹരി എന്ന മഹാവിപത്ത്

പുതുതലമുറയിലെ മനുഷ്യരാശിക്ക് മുഴുവൻ വിപത്തായി മാറുന്ന ലഹരി എന്ന മഹാവിപത്ത് ലോകം മുഴുവൻ പടർന്നു പന്തലിച്ചു കൊണ്ടിരിക്കുകയാണ്. മനുഷ്യരാശി നേടിയ പുരോഗതിയെ പിന്നോട്ടടിക്കാൻ ഇടയാക്കുന്ന വലിയ വിപത്തുകളിലൊന്നാണ് ലഹരി ഉപയോഗം. മുതിർന്നവരെന്നോ കുട്ടികളെന്നോ വ്യത്യാസമില്ലാതെ യുവതലമുറയെ ഒന്നടങ്കം കാർന്നുകൊണ്ടിരിക്കുന്ന ലഹരിയെന്ന കൊടും ക്രൂരവിഷപാമ്പിൽ നിന്ന് നമ്മുടെ യുവതലമുറയെ രക്ഷിക്കുക എന്നത് വളരെ പ്രയാസകരം കുട്ടികളിൽ നിന്നും സമൂഹത്തിലേക്കും സമൂഹത്തിൽ നിന്നും ലോകം മുഴുവനിലേക്കും അതിവേഗം വ്യാപിക്കുന്ന ഈ വിഷപ്പുക ശ്വസിച്ചാൽ ജീവിതത്തിലേക്കു തിരിച്ചുവരിക എത്രയോ പ്രയാസം.ലഹരിമരുന്നിനെ കുറിച്ച് ഒന്നും അറിയാതെ ഒരുതവണ ഉപയോഗിച്ചിട്ടു നിർത്താമെന്നു കരുതി തുടങ്ങിയാൽ അതിൽ നിന്നും തിരിച്ചു വരാൻ കഴിയാത്തവിധം നാം അതിനു അടിമപ്പെട്ടേക്കും. രണ്ടു വിധത്തിൽ ലഹരിയിൽ അകപ്പെട്ടു പോകുന്നവരുണ്ട്.

ലഹരിയാണതെന്ന് അറിയാതെ മറ്റുചിലരുടെ കെണികളിൽപെട്ടുപോകുന്നവർ. ഇതിന് ഏറ്റവും വലിയ ഉദാഹരണം കുട്ടികളാണ്. ചില മുതിർന്നവരും ഇങ്ങനെ അകപ്പെടുന്നുണ്ട്. സമൂഹത്തിൽ നിന്നുള്ള അകൽച്ചയും ഒറ്റപ്പെടലും കാരണം മനഃപൂർവം ഉപയോഗിക്കുന്നവർ.

കൗമാരക്കാരും ഇത് ഉപയോഗിക്കുന്നുണ്ട്. കൗതുകത്തിനുവേണ്ടിയാണെങ്കിൽപോലും ഒരിക്കലും അഴിക്കാൻ പറ്റാത്ത ഒരു കുരുക്കായി ഇത് മാറിയേക്കും. അതുകൊണ്ട് ബോധപൂർവ്വം മുന്നേറിയില്ലെങ്കിൽ രക്ഷയില്ല. ചിറകുകൾ കിളിർക്കാത്ത പറക്കമുറ്റാത്ത കുഞ്ഞുങ്ങളുടെ സ്വപ്നങ്ങൾ റാഞ്ചാൻ ലഹരി മാഫിയയുടെ ചെമ്പരുന്തുകൾ ആകാശം മുഴുവൻ വലയം വച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളെ കുരുക്കിലാക്കാൻ ലഹരിയുടെ ചൂണ്ടയുമായി വിദ്യാലയങ്ങളുടെ മറവിൽ പതുങ്ങിയിരിപ്പുണ്ട് കറുത്ത ശീലങ്ങളുടെ ചെകുത്താന്മാർ. മയക്കുമരുന്നു മാഫിയയുടെ മലകളിൽ വീഴാതിരിക്കാൻ നാം ചിന്തിച്ചൊരുങ്ങി മുന്നേറണം. ലഹരിയിൽ മുങ്ങിപോകുന്ന ഓരോ ജീവനും അമൂല്യമാണെന്നും വരും തലമുറയ്ക്ക് അത് ദോഷം ചെയ്യുമെന്നും നാം മനസ്സിലാക്കണം. തീയുടെ സൗന്ദര്യം കണ്ട് അതിലേക്ക് എടുത്തുചാടി ജീവൻ നഷ്ടപ്പെടുത്തുന്ന ഈയാം പാറ്റകളെപോലെയാകരുത് നമ്മൾ. തീയുടെ തനിസ്വരൂപം അറിയുമ്പോഴേക്കും അവ കത്തി ചാരമായി തീർന്നേക്കും. അതുകൊണ്ട് പ്രിയമുള്ളവരെ ഇതിനെതിരെ ചെറുത്തു പോരാടാൻ നമുക്ക് സാധിക്കട്ടെ.



ആൻ സന്തോഷ്
8.ഇ

# വിശ്വവിഖ്യാതമായ മൂക്ക്-വായനാക്കുറിപ്പ്

**വൈ**ക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്തമായ കഥകളിലൊന്നാണ് വിശ്വവിഖ്യാതമായ മൂക്ക്. ആക്ഷേപഹാസ്യത്തിൽ പൊതിഞ്ഞ സാമൂഹികവിമർശനമായാണ് ഈ കഥ ബഷീർ പറയുന്നത്. ഒരു സാധാരണ പാചകതൊഴിലാളിക്ക് ഒരു ദിവസം മൂക്കിന് നീളം വയ്ക്കുന്നതും അതിനെ തുടർന്നുണ്ടാവുന്ന സംഭവപരമ്പരകളുമാണ് ഈ കഥയിൽ ഉള്ളത്. മൂക്ക് എന്ന വിഷയത്തിലൂടെ സമൂഹത്തിലെ പൊള്ളത്തരങ്ങളെ ഹാസ്യാത്മകമായി നോക്കിക്കാണുകയാണ് ബഷീർ ഈ കഥയിലൂടെ.

ഒരു വലിയ മൂക്കിന്റെ യഥാർത്ഥ ചരിത്രമാണ് ഈ കഥയിൽ പ്രതിപാദിക്കുന്നത്. കുശിനി പണിക്കാരനാണ് കഥയിലെ നായകൻ. നായകന് എഴുതാനോ വായിക്കാനോ അറിയില്ല, കുശിനി പണി ചെയ്യുക, ഉറങ്ങുക, വീണ്ടും കുശിനി പണി ചെയ്യുക എന്നിവയാണ്. നായകന്റെ ജോലികൾ 24-ാമത്തെ വയസ്സിൽ മഹാത്ഭുതം സംഭവിക്കുകയാണ്.ഈ കൃതി സമൂഹത്തോടുള്ള ഒന്നാന്തരം പരിഹാസമാണ് നിറച്ചിരിക്കുന്നത്.



സുരമ്യ കെ സി
9.എ

# ലിറ്റിൽ കൈറ്റ് ജില്ലാ ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥിനികളെ സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു...









# ശേഖൂട്ടി – ടി. പത്മനാഭൻ

**ഞാ**ൻ അടുത്ത് വായിച്ച കഥയാണ് ടി.പത്മനാഭന്റെ ശേഖൂട്ടി എന്ന കഥ. വിശാലമായ സ്നേഹത്തിന്റെ പശ്ചാത്തലത്തിൽ പിറവി കൊണ്ട കഥയാണിത്. ഇതിലെ നായകൻ ശേഖൂട്ടി എന്ന നായയാണ്. ഒരു സന്ധ്യ മുതൽ അടുത്ത പ്രഭാതം വരെ മരണത്തെ മുഖാമുഖം കണ്ട് കിടക്കുകയാണ് ശേഖൂട്ടി. ആ കിടപ്പിൽ തന്റെ പോയ കാലത്തെക്കുറിച്ച് ശേഖൂട്ടി ഓർക്കുന്നുണ്ട്. സങ്കടവും സന്തോഷവും നിറഞ്ഞ ജീവിതത്തിന്റെ പടവിൽ നിന്നും ഇന്ന് മരണത്തിന്റെ നിഴലിലേക്ക് താൻ വീണത് ശേഖൂട്ടി സങ്കടത്തോടെ ഓർക്കുന്നു.താൻ ഏറ്റവുമധികം സ്നേഹിച്ച യജമാനനെ കാണാത്ത വിഷമം ശേഖൂട്ടിക്ക് ഉണ്ട്. പക്ഷെ യജമാനൻ അവനെ കാണാൻ വന്നില്ല. തന്റെ റോസിയേയും ശേഖൂട്ടി ഓർക്കുന്നുണ്ട്. ആ നിസ്സഹായാവസ്ഥയിലും ശേഖൂട്ടി റോസിയെ ഓർത്ത് ആനന്ദിക്കുകയാണ്.


എല്ലാവരും 'നല്ലവർക്കുള്ള വിത്ത്' എന്ന് ആദ്യമൊക്കെ ശേഖൂട്ടിയെ പറഞ്ഞിരുന്നു. പിന്നീട് അവൻ എല്ലാവർക്കും വെറുക്കപ്പെട്ടവനായി. സ്വാതന്ത്ര്യത്തിനെക്കാളും അടിമത്തം കൂടുതലായ ആ ജീവിതത്തിൽ അവൻ ആഗ്രഹിച്ചത് മരണമാണ്. ശേഖൂട്ടി ചില സമയങ്ങളിൽ മനുഷ്യർ വിഡ്ഢികളാണോ എന്ന് വരെ ചിന്തിച്ചിട്ടുണ്ട്. മനുഷ്യന്റെ ഭാവമാറ്റങ്ങൾ ശേഖൂട്ടി പലഘട്ടങ്ങളിലായി ക


ണ്ടു. സ്നേഹത്തിന്റെ കാര്യം എടുക്കുമ്പോൾ മൃഗങ്ങളും മനുഷ്യരും തമ്മിൽ വലിയ ഭേദമൊന്നും ഇല്ല. മിണ്ടാപ്രാണിയാണെങ്കിലും ശേഖൂട്ടിയുടെ മൂകമായ പ്രണയം കഥയിൽ കഥാകൃത്ത് സൂക്ഷ്മമായി അവതരിപ്പിക്കുന്നുണ്ട്. എല്ലാവരുടെ ഉള്ളിലും ഒരു ദേഷ്യഭാവമുണ്ടാകും, അത് പുറത്തുവരുമ്പോൾ എല്ലാം തകർക്കുന്ന വിധത്തിലായിരിക്കും. സമൂഹജീവിതത്തിന്റെ സാന്നിധ്യം, ഓരോ വ്യക്തികളുടെ സ്വഭാവത്തിന്റെ സവിശേഷത എന്നിവയെല്ലാം കഥയിൽ വിശദമാക്കുന്നുണ്ട്. മരണം പോലും ഈ കഥയിൽ ഒരു രക്ഷകനായാണ് കടന്നു വരുന്നത്. തന്റെ കഥ ശേഖൂട്ടി സ്വയം പറയുന്ന രീതിയിൽ ഒരു ഓർമ്മക്കുറിപ്പായിട്ടാണ് ഈ കഥ എഴുതിയിരിക്കുന്നത്.



ശ്രദ്ധ ആർ കൃഷ്ണ
8.ഇ

# കുരുന്നു ഭാവനകൾ...



# ഹൃദയമൊഴി

ദൂരമറ്റ ദിക്കുകൾ താണ്ടി... നിറമുള്ള ഓർമകൾ ചേർത്തു പിടിച്ച്....ത്രസിക്കുന്ന സ്വപ്നങ്ങളിലൂടെ ഊളിയിട്ട് .... ഹൃദയം സാക്ഷിയായൊരു യാത്രയിലായിരുന്നു നമ്മൾ...വസന്തത്തിന്റെ വിസ്മയ വനികയിൽ പുഷ്പദലങ്ങൾ പട്ടുവിരിച്ച സഞ്ചാര പാതയിലൂടെ... കൈകോർത്തുതന്നെ... ഇനിയും ഒരുപാട് ദൂരം പോകാനുണ്ടെന്ന ഓർമപ്പെടുത്തൽ ....'അടനം' അതെത്ര പതുക്കെയായിരുന്നാലും സാരമില്ല, നിർത്താതെ തുടരുക...യാത്രയുടെ ചക്രവാളത്തിൽ പുതിയൊരു ലോകം കാട്ടിത്തരാൻ ഞങ്ങൾക്കായെങ്കിൽ... ഞങ്ങൾ കൃതാർത്ഥരായി...!!!


ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി-പാലക്കാട്, പിൻ - 678683